രാമായണകഥയെ 9 ഭാഗങ്ങളാക്കി ഭാഗിച്ച് 8 ദിവസം കൊണ്ടായിരുന്നു ആദ്യകാലത്തെ അവതരണം സംഘകളി, അഷ്ടപദിയാട്ടം, തെയ്യം, പടയണി, കൂടിയാട്ടം, തെരുക്കൂത്ത്, എന്നിങ്ങനെ ഒട്ടേറെ കലാരൂപങ്ങളിൽ കളിൽനിന്നും സ്വാംശീകരിച്ച് എടുത്തിട്ടുണ്ട്. രാമനാട്ടത്തിലെ അപരിഷ്കൃത അവതരണങ്ങൾക്ക് മാറ്റം സംഭവിച്ചത് കല്ലടിക്കോടൻ, കപ്ലിങ്ങാടൻ, വെട്ടത്തുനാടൻ എന്നീ പരിഷ്കാര സമ്പ്രദായങ്ങളിൽ കൂടെയാണ്. അഭിനേതാവ് തന്നെ ഗാനം ചൊല്ലി ആടുന്ന രാമനാട്ട രീതിക്ക് മാറ്റം വരുത്തി പിന്നണിയിൽ ഗായകരുടെ പാട്ടിനനുസരിച്ച് നടൻ അഭിനയിക്കുന്ന രീതി കൊണ്ടുവന്നത് വെട്ടത്തുനാടൻ സമ്പ്രദായമാണ്. അഭിനയ രീതിയുടെ ഒരുക്കമാണ് കല്ലുവഴിച്ചിട്ടയുടെ പ്രധാന സംഭാവന. കലാശങ്ങൾ, അഭിനയം എന്നിവയിലാണ് ഈ ശൈലി പ്രകാരം പരിഷ്കാരം നടന്നത്. കഥകളിയുടെ സാഹിത്യരൂപമാണ് ആട്ടകഥ. ജയദേവരുടെ ഗീതാഗോവിന്ദം അതിന്റെ മാതൃക പിന്തുടരുന്ന സംസ്കൃത നാടകങ്ങളിൽ നിന്നും വ്യത്യസ്തമായി ഹൃദ്യമായ പദാവലികളും ശ്രുതി മധുരമായ സംഗീതവും ആട്ടക്കഥകളിൽ പ്രകടമാണ്. പദങ്ങളായും ശ്ലോകങ്ങളായുമാണ് ആട്ടകഥ രചിക്കുന്നത്. പദങ്ങളാണ് കഥകളിയിൽ പാടി അഭിനയിക്കുന്നത്. ശ്ലോകങ്ങൾകഥാ സൂചന നൽകുന്നതിനുള്ള സൂത്രധാര ഉപാധിയായിട്ടാണ് ഉപയോഗിക്കുന്നത്. കൂടാതെ അരങ്ങിൽ അവതരിപ്പിക്കാൻ ബുദ്ധിമുട്ടുള്ള കാര്യങ്ങളും ശ്ലോകങ്ങളിലൂടെ അവതരിപ്പിക്കുന്നു.



Avanthika R
6 C



# കാൽപന്ത് കളിയിലെ മാന്ത്രികൻ...

ലോകമെമ്പാടുമുള്ള ഫുട്ബോൾ പ്രേമികളെ ഒന്നടങ്കം കണ്ണീരിലാഴ്ത്തി കൊണ്ടാണ് 2020 നവംബർ 25ന് ആ വാർത്ത വന്നെത്തിയത്. കാൽപ്പന്തുകളിയിലെ ഇതിഹാസനായകൻ മറഡോണ ഈ ലോകത്തുനിന്നും വിട വാങ്ങിയിരിക്കുന്നു.കേട്ടവർ കേട്ടവർ വാർത്തയുടെ നിജസ്ഥിതി അന്വേഷിച്ചുകൊണ്ടിരുന്നു. സത്യമാണ്, ഡീഗോ അർമാൻഡോ മറഡോണ എന്ന ഫുട്ബോൾ മാന്ത്രികൻ ജീവിതത്തിന്റെ ജേഴ്സി എന്നന്നേക്കുമായി അഴിച്ചുവച്ചിരിക്കുന്നു. കാൽപ്പന്തുകളിയിലെ ദൈവം എന്നാണ് ആരാധകർക്കിടയിൽ അദ്ദേഹം അറിയപ്പെടുന്നത്. പന്തടക്കത്തിലുള്ള അദ്ദേഹത്തിൻറെ അസാമാന്യ കഴിവാണ് ലോകമെമ്പാടും ആരാധകരെ അദ്ദേഹത്തിന് നേടിക്കൊടുത്തത്. നിർഭാഗ്യകരമെന്ന് പറയട്ടെ,കായിക ജീവിതത്തിൽ ഒട്ടേറെ പുരസ്കാരങ്ങൾ നേടിയിട്ടുണ്ടെങ്കിലും വ്യക്തിജീവിതത്തിൽ തികച്ചും പരാജിതൻ ആയിരുന്നു മറഡോണ. വഴിവിട്ട ജീവിത ശൈലിയാണ് അറുപതാം വയസ്സിൽ അദ്ദേഹത്തെ നമുക്ക് നഷ്ടം ആവാനുള്ള കാരണവും. എന്നിരുന്നാലും കാൽപന്തുകളിയെ ഇത്രയേറെ ജനകീയമാക്കിയ പ്രിയപ്പെട്ട മറഡോണ... താങ്കൾ ഇനിയും ജീവിക്കും കാലങ്ങളോളം ഞങ്ങൾ ഫുട്ബോൾ പ്രേമികളുടെ മനസ്സിൽ... മരണത്തിന് പോലും തോൽപ്പിക്കാൻ ആവാത്ത കളിക്കാരനായി....



Adhwaith Krishna
6 C

# മഴയുടെ വരവ്

മഴയേ, നീ എന്തിനിവിടെവന്നു
മഴയേ, നീ എന്തിനിവിടെവന്നു
നിൻ കുളിർ തുള്ളിയാൽ
ഭൂമിയെ ഉണർത്താനോ
അതോ, നിൻ താണ്ഡവനൃത്തത്താൽ
ഭൂമിയെ കരഞ്ഞൊഴുക്കാനോ
മഴയേ, നീ എന്തിനിവിടെവന്നു
വിദ്യാലയങ്ങളിൽ പോകും സമയത്തു
കുട നിവർത്തി പിടിച്ചോടുന്ന കാലം
മഴയത്തിറങ്ങി കളിച്ചുകുളിച്ചു
നിൻ സ്നേഹലാവണ്യത്തിൽ കുതിർന്ന
കാലമെത്ര സുന്ദരം
മഴയേ, നീ എന്തിനിവിടെവന്നു
അന്ന് നീ വന്നത് നല്ലതിനാണെങ്കിൽ
ഇന്നെന്തിനു പ്രളയമായ് നീ വരുന്നു
കാലവർഷം ജനിപ്പിച്ച പ്രളയത്തിൽ
ആയിരത്തോളം ജീവനുകൾ നീ
നശിപ്പിച്ചതെന്തേ എൻ മഴയേ
നിന്നെ സ്നേഹിച്ചവർ നിന്നെ
വെറുക്കുന്ന കാലമെങ്ങനെ വന്നു
മഴയേ നീ എന്തിനിവിടെ വന്നു
മിണ്ടിയില്ലെങ്കിലും നിന്നിൽനിന്ന്
പറയാതെ പറയുന്ന വാക്കുകൾ എത്ര സുലഭം
എൻ മഴയേ നീ എത്ര സുന്ദരം
ദാഹിച്ചവർക്ക് ജലത്തിനായി
ദാഹിച്ച ചെടികൾക്ക് വളരുവാൻ
ദാഹിച്ച ജീവജാലങ്ങൾക്കെല്ലാം നീ നന്മയുള്ള ദാഹജലമായ കാലം
അന്ന് നീ കാരുണ്യ രൂപമായ്
സ്നേഹദീപമായ ആ കാലങ്ങളിൽ
മനുഷ്യരൊന്നായ് നിന്നെ വരവേൽപ്പൂ
എന്റെ മഴയേ
ഇന്ന് നീ വന്ന സമയത്തു
ദാഹിച്ചു നിൽക്കുന്ന ജീവജാലങ്ങളെ
ദാഹിച്ചു നിൽക്കുന്ന വൃക്ഷങ്ങളെ ചെടികളെ
പൂക്കളെ കണ്ടാശ്വസിപ്പിക്കുവാൻ കഴിയുന്നില്ല
നിൻ സ്വന്തം ഭൂമിയുടെ പാതി ജീവനെ
കാണ്മതില്ലാതെ നീ കരയുന്നുവോ
നിൻ കണ്ണുനീരാണോ ഈ പ്രളയങ്ങൾ
എന്റെ മഴയേ നീ കരയരുത്
ഇനി ഒരിക്കലും നിൻ കണ്ണുകൾ നിറയരുത്
നീയാണ് ഭൂമിതൻ ഉണർവ്വ്
നീയാണ് ഭൂമിതൻ ചൈതന്യം.



Niya Beno
7 B



# വിഷു പക്ഷി

വിഷു പക്ഷി തൻ കിളിമൊഴി ശബ്ദത്തിനായ്
കാതോർക്കും കർഷകരും,
വിതുമ്പും മേഘപാളിതൻ
ഓട്ടത്തിൽ ജന്മം കൊള്ളുമൊരു
മഴക്കാറിൻ വിളിയ്ക്കായ് കാതോർക്കും മാളോരും
നാടിനു സമ്പത്തല്ലോ.

'വിത്തും കൈക്കോട്ടും
വെക്കം കൈയേന്ത്'
'കള്ളൻ ചക്കേട്ടു,
കണ്ടാൽ മിണ്ടണ്ട, പയ്യെകൊണ്ടോയ്
തിന്നോട്ടെ' ന്നും
പഴംചൊല്ലാണെങ്കിലും ഇന്നുമതിൻ
പ്രസക്തി കുറയുന്നീലല്ലോ.

ചെറുതെന്നലിൽ വാനിൽ പറന്നുയരും പൊടിയും
ചെറുതുള്ളിയായ് താഴേയ്ക്കു പതിക്കും മഴയിൽ പൊങ്ങീടുന്ന
പുതുമണ്ണിൻ ഗന്ധവും...
പുതുമഴയിൽ
കളിച്ചു തിമിർത്തുപെയ്തും
പലവിധ ആസ്വാദനാനുഭൂതിയിൽ പാരിൽ
ജീവനേകിയും തിടുക്കമോടി നടക്കുന്ന കർഷകനെ
നമ്മുക്കും ചേർത്തു പിടിക്കാം ...
നാളേയ്ക്കായി...
കരുതലിനായി ....
വിഷു പക്ഷിതൻ
കിളിമൊഴികൾ
നമുക്കുമേറ്റു പാടാം .



Mohzammed Shaham
9 B



# കനൽ

ശ്രീക്കുട്ടി ഇതുവരെയും ഉറങ്ങിയിട്ടില്ല. അവൾക്ക് ഇന്ന് ഉറങ്ങാൻ സാധിക്കില്ല. ഇന്നലെ വരെ അവളുടെ കൂടെ ഉണ്ടായിരുന്ന, അവൾക്ക് ഏറ്റവും പ്രിയപ്പെട്ട മുത്തച്ഛൻ ഇന്ന് അവളുടെ കൂടെ ഇല്ല. ഇന്നലെ ഈ സമയത്ത് അവളുടെ തൊട്ടരികിൽ കിടന്നിരുന്ന മുത്തച്ഛൻ ഇന്ന് ഈ സമയത്ത് എവിടെയാണ്....... നമ്മുടെ ഈ പട്ടണത്തിൽ ഒരു വൃദ്ധ സദനത്തിന്റെ ഉദ്ഘാടനം ഉണ്ടെന്നറിഞ്ഞപ്പോൾ തന്റെ മാതാപിതാക്കളുടെ കണ്ണുകളിലുണ്ടായിരുന്ന തിളക്കം അവൾ ശ്രദ്ധിച്ചിരുന്നു. അന്ന് അത് ഒരു തോന്നലാവാം എന്നവൾ വിചാരിച്ചു. പക്ഷെ ഇന്നാണ് ആ തിളക്കത്തിന്റെ അർഥം അവൾക്ക് മനസ്സിലായത് . ഇന്ന് അവളുടെ മുത്തച്ഛൻ അപരിചിതരായ കുറെ വൃദ്ധന്മാരുടെ കൂടെ ആ വൃദ്ധസദനത്തിലാണ് ഉറങ്ങുന്നത്.

ഇന്നലെ കൂടി മുത്തച്ഛൻ പറയുന്ന കഥ കേട്ടാണ് അവൾ ഉറങ്ങിയത്. അത് ചെറുപ്പം മുതലേയുള്ള ശീലമാണ്. നല്ല ഗുണപാഠങ്ങളുള്ള ഒരു പാട് കഥകൾ മുത്തച്ഛൻ പറഞ്ഞ് കേട്ട് വളർന്നതു കൊണ്ടാവാം, അവളിന്ന് ദയയും സഹാനുഭൂതിയുമുള്ള ഒരു കുട്ടിയായത്. ഇന്ന് രാവിലെ കൂടി വൈകുന്നേരം കാണാം എന്ന് മുത്തച്ഛനോട് പറഞ്ഞ് ഉമ്മയും കൊടുത്ത് പോയതാണവൾ. തിരിച്ചു വന്നപ്പോൾ മുത്തച്ഛൻ വീട്ടിലില്ല. എന്നും അവൾ വരുമ്പോൾ അവളെയും കാത്ത് ഒരു പുഞ്ചിരിയോടെ മുത്തച്ഛൻ പൂമുഖത്തിരിക്കാറുണ്ട്. മുത്തച്ഛനെവിടെ? എന്ന അവളുടെ ചോദ്യത്തിന് മുത്തച്ഛൻ സുഹൃത്തുക്കളെ കാണാൻ പുറത്ത് പോയതാണ് എന്ന ഉത്തരമാണ് അച്ഛനും അമ്മയുംനൽകിയത്. കുറേ സമയം കഴിഞ്ഞു....... എന്നിട്ടും മുത്തച്ഛനെ കാണുന്നില്ല. ഒരു സംശയം തോന്നി പോയി അലമാര തുറന്നു നോക്കിയപ്പോൾ മുത്തച്ഛന്റെ വസ്ത്രങ്ങളൊന്നും അതിൽ കണ്ടില്ല. അച്ഛനോടും അമ്മയോടും വീണ്ടും ചോദിച്ചപ്പോഴാണ് മുത്തച്ഛനെ വൃദ്ധസദനത്തിലാക്കിയ കാര്യം അവർ പറഞ്ഞത്. അവളാകെ തളർന്നു പോയി. ഇന്ന് മുത്തച്ഛൻ എത്ര വേദനയേടെയായിരിക്കും അവളെ യാത്രയാക്കിയത് എന്നവൾ ഓർത്തു.

മുത്തച്ഛനെ കുറിച്ചോർക്കാൻ അവൾക്ക് ഒരുപാട് കാര്യങ്ങളുണ്ടായിരുന്നു. ചെറുപ്പകാലത്ത് അമ്മയും അച്ഛനും ജോലിക്ക് പോയി കഴിഞ്ഞാൽ അവളെ കുളിപ്പിക്കുന്നതും ഭക്ഷണം കൊടുക്കുന്നതും എല്ലാം മുത്തച്ഛനായിരുന്നു. അവളുടെ കൂടെ കളിക്കുമ്പോൾ മുത്തച്ഛനും അവളുടെ പ്രായത്തിലുള്ള ഒരു കുട്ടിയാവുമായിരുന്നു.

അങ്ങനെ ചിരിച്ചും കളിച്ചും ഒരു പാട് സന്തോഷത്തോടെയായിരുന്നു അവർ ജീവിച്ചിരുന്നത്. അവളുടെ വിഷമങ്ങളിലും മുത്തച്ഛൻ വലിയൊരു ആശ്വാസം മായിരുന്നു. അമ്മയും അച്ഛനും കൊടുക്കേണ്ട എല്ലാ സ്നേഹവും വാത്സല്യവും അവൾക്ക് ലഭിച്ചിരുന്നത് മുത്തച്ഛന്റെ അടുത്തു നിന്നായിരുന്നു. അവൾ അതെല്ലാം ഓർത്ത് കിടന്നു. അവൾക്ക് ഉറങ്ങാൻ സാധിച്ചില്ല. ധാരധാരയായി കണ്ണുനീർ ഒഴുകി കൊണ്ടിരിക്കുകയായിരുന്നു.

പിറ്റേ ദിവസം അവൾ എഴുന്നേറ്റത് പുതിയ ഒരു തീരുമാനവുമായിട്ടായിരുന്നു. അവൾ അവളുടെ വസ്ത്രങ്ങളെല്ലാം എടുത്ത് ബാഗിൽ അടുക്കി വച്ചു. അവൾ ആ വീടിന്റെ പടിയിറങ്ങി. അച്ഛനും അമ്മയും കുറേ പിൻതിരിപ്പിക്കാൻ ശ്രമിച്ചു. മുത്തച്ഛനില്ലാത്ത വീട്ടിൽ താനും നിൽക്കില്ല എന്നതായിരുന്നു അവളുടെ ഉറച്ച തീരുമാനം.

പിന്നീട് അവൾ ഒരു ബന്ധുവീട്ടിലായിരുന്നു. അച്ഛനും അമ്മയും തിരിച്ച് വരാൻ പറഞ്ഞ് നിർബന്ധിച്ചു , നേരിൽ പോയി കണ്ടു, കുറേ സംസാരിച്ചു. പക്ഷെ അവൾ അവളുടെ തീരുമാനത്തിൽ തന്നെ ഉറച്ച് നിന്നു . അങ്ങനെ അവളുടെ പിറന്നാൾ ദിവസം വന്നു. കാരണം അവൾക്ക് ഓർമ്മ വച്ച നാൾ മുതൽ എല്ലാ പിറന്നാളിനും അവളു മുത്തച്ഛനും രാവിലെ നേരത്തേ എഴുന്നേറ്റ്

അമ്പലത്തിൽ പോകാറുണ്ടായിരുന്നു. മുത്തച്ഛൻ സമ്മാനങ്ങൾ വാങ്ങി കൊടുക്കുമായിരുന്നു. അമ്മയും അച്ഛനും ജോലിയ്ക്ക് പോകുന്ന ദിവസമാണെങ്കിൽ മുത്തച്ഛനാണ് പായസം ഉണ്ടാക്കാറുള്ളത്. ഈ ഓർമ്മകളെല്ലാം അവളെ കഠിനമായി വേദനിപ്പിച്ചു കൊണ്ടിരുന്നു. അപ്പോഴാണ് ഒരു കാറിന്റെ ഹോൺ മുഴങ്ങുന്ന ശബ്ദം കേട്ടത്. പോയി നോക്കിയപ്പോൾ പടിവാതിൽ കടന്നുവരുന്ന അച്ഛനേയും അമ്മയേയുമാണ് കണ്ടത്. അവളെ വീട്ടിലേക്ക് തിരിച്ചു കൊണ്ടു പോകാനുള്ള പരിശ്രമത്തിലാണ് അവർ. ‘വരുന്നില്ല’ എന്നവൾ തീർത്തു പറഞ്ഞു. അവരുടെ കണ്ണുകൾ നിറഞ്ഞൊഴുകി. മുത്തച്ഛനെ വേദനിപ്പിച്ചതിൽ ഞങ്ങൾ അങ്ങേയറ്റം ദു:ഖിക്കുന്നു. മോളുടെ ഉറച്ച തീരുമാനം ആണ് ഞങ്ങളെ ഞങ്ങളുടെ തെറ്റ് മനസ്സിലാക്കാൻ സഹായിച്ചത് എന്നെല്ലാം പറഞ്ഞ്, അവർ ഒരുപാട് കരഞ്ഞു. മുത്തച്ഛന്റെ കാലു പിടിച്ച് മാപ്പ് ചോദിക്കണം എന്നിട്ട് വീട്ടിലേയ്ക്ക് തിരിച്ച് കൊണ്ടുവരണം. മോളും കൂടി ഞങ്ങളോടൊപ്പം വരണം എന്നെല്ലാം പറഞ്ഞ് കൊണ്ടേയിരുന്നു. അവൾക്ക് ഒരു പാട് സന്തോഷം തോന്നി. അച്ഛനും അമ്മയും അവരുടെ തെറ്റുകൾ എപ്പോഴെങ്കിലും മനസിലാക്കണം എന്നവൾ അതിയായി ആഗ്രഹിച്ചിരുന്നു. അത് അവൾ വിചാരിച്ചതിലും നേരത്തെ നടന്നിരിക്കുന്നു.

ഒരു പാട് സന്തോഷ ത്തോടെയും ഉത്സാഹത്തോടെയും അവരോടൊപ്പം പോകാനിറങ്ങി. അവളുടെ സന്തോഷത്തിന് അതിർ വരമ്പുകളുണ്ടായിരുന്നില്ല. കാറിലിരിക്കുമ്പോഴെല്ലാം തന്നെ പെട്ടെന്ന് കാണുമ്പോൾ മുത്തച്ഛനുണ്ടാകുന്ന സന്തോഷമായിരുന്നു മനസ്സുനിറയെ. അങ്ങനെ അവർ ആ വൃദ്ധ സദനത്തിന്റെ മുന്നിലെത്തി. അവിടെ അതാ ചെറിയ ഒരാൾ കൂട്ടം. അവിടുത്തെ മാനേജറാണെന്ന് തോന്നുന്നു, ഒരാൾ കാറിൽ നിന്നും ഇറങ്ങുന്ന അവരെ കണ്ടതും അവരുടെ നേരെ ഓടി വന്നു.‘ഞാൻ അങ്ങോട്ട് വിളിക്കാനിരിക്കുകയായിരുന്നു’ എന്നു അയാൾ പറഞ്ഞു. പന്തികേട് മനസ്സിലാക്കിയ അവർ ആൾക്കൂട്ടത്തിനിടയിലേക്ക് ഓടിചെന്നു. അവിടെ ആരൊക്കെയോ മുത്തച്ഛനെ താങ്ങിയിരിക്കുന്നു. പെട്ടെന്ന് ഒരു ക്ഷീണം തോന്നിയതാണത്രേ! മുത്തച്ഛാ....... എന്ന് വിളിച്ച് ശ്രീക്കുട്ടി കരഞ്ഞതും, മുത്തച്ഛൻ കണ്ണുകൾ തുറന്നു നോക്കി. അവളുടെ നേരെ കൈ നീട്ടി. അവൾ ഓടിച്ചെന്ന് മുത്തച്ഛന്റെ കൈകൾ പിടിച്ചു. മുത്തച്ഛൻ അവളുടെ മുഖത്ത് നോക്കി ചിരിച്ചു. പിന്നീട് മെല്ലെ മെല്ലെ ആ കണ്ണുകൾ അടഞ്ഞു. ആ കുറച്ചു നിമിഷങ്ങൾ....... അവൾ തിരിച്ചറിയുകയായിരുന്നു അവളുടെ മുത്തച്ഛൻ ഇനിയൊരിക്കലും തിരിച്ചു വരില്ല എന്ന്.

തന്റെ മകനും ഭാര്യക്കും കുറ്റസമ്മതത്തിനു പോലും സമയം നൽകാതെ, അവരെ ഒന്ന് നോക്കാൻ പോലും കഴിയാതെ മുത്തച്ഛൻ യാത്രയായി.

ഇനിയങ്ങോട്ട് തന്റെ പിറന്നാൾ മുത്തച്ഛന്റെ ചരമദിനം കൂടിയാണല്ലോ എന്നവൾ ഓർത്തു. ഇനിയുള്ള കാലം മുഴുവൻ അവർ ഈ കുറ്റബോ ധത്തിൽ എരിഞ്ഞു തീരില്ലേ....... അവർ ചെയ്ത തെറ്റിന് ഇതിലും വലിയ ശിക്ഷ ഇനി എന്താണ്.......



Krishnapriya P K
8 B

# മലയാളത്തിന്റെ കൃഷ്ണ വസന്തം



സ്കൂൾ മാഗസിന്റെ എഡിറ്റോറിയൽ ബോർഡിലേക്ക് തെരഞ്ഞെടുക്കപ്പെടുന്ന അധ്യാപകർക്കും, കുട്ടികൾക്കും ലഭിക്കുന്ന ഒരു മഹാഭാഗ്യമാണ്, വിവിധ മേഖലകളിലെ പ്രശസ്തരായ വ്യക്തിത്വങ്ങളെ ഇന്റർവ്യൂ ചെയ്യുവാനുള്ള സുവർണ്ണാവസരം! മഹാകവി അക്കിത്തം, ഭാരതത്തിന്റെ മെട്രോമാൻ ഇ.ശ്രീധരൻ എന്നിങ്ങനെയുള്ള മഹാരഥന്മാരുടെ അഭിമുഖ സംഭാഷണങ്ങൾ തന്നെയാണ് കഴിഞ്ഞു പോയ വർഷങ്ങളിൽ, സെന്റ് ജോസഫ്സ് സ്കൂൾ മാഗസിന്റെ താളുകളെ അർത്ഥസമ്പുഷ്ടമാക്കിയിട്ടുള്ളതും. കോവിഡ് പ്രതിസന്ധി മൂലം ഞങ്ങൾക്ക് നഷ്ടമായത് അത്തരത്തിൽ പ്രതിഭാശാലിയായ ഒരു വ്യക്തിയുമായുള്ള കൂടിക്കാഴ്ചയാണ്. ഓൺലൈൻ മുഖേനയാണെങ്കിലും അദ്ദേഹത്തോടൊപ്പം ഒരൽപസമയം ചെലവഴിക്കാൻ കഴിഞ്ഞതിന്റെ സന്തോഷത്തിലും അഭിമാനത്തിലുമാണ് ഞങ്ങളിന്ന്. ആ പ്രതിഭാധനൻ മറ്റാരുമല്ല. ജീവിക്കാൻ മാത്രമല്ല മരിക്കുവാനും മാനുഷികതയുടെ സ്പർശം വേണമെന്നു പറഞ്ഞ എഴുത്തുകാരൻ: എഴുത്തച്ഛൻ, 'കണ്ടതെല്ലാം അഹം' എന്നാറ്റിക്കുറുക്കിയ ഗീതയുടെ മാനങ്ങൾ ശാസ്ത്രത്തിന്റെയും ദർശനത്തിന്റെയും കണ്ണിലൂടെ വ്യാഖ്യാനിച്ച ശാസ്ത്രജ്ഞന്മാർക്കിടയിലെ സാഹിത്യകാരൻ ശ്രീ സി.രാധാകൃഷ്ണൻ.

നിളയുടെ പുണ്യം നെഞ്ചിലേറ്റി ശാന്തമായ് പ്രവഹിക്കുന്ന അദ്ദേഹത്തിന്റെ വാക്കുകളിലേയ്ക്ക്.....

**രണ്ട് ധ്രുവങ്ങളിൽ നിൽക്കുന്ന ശാസ്ത്രവും സാഹിത്യവും സമന്വയിപ്പിച്ച് കൊണ്ടു പോകുന്നത് എങ്ങനെയാണ്?**

ശാസ്ത്രവും സാഹിത്യവും പരസ്പര പൂരകങ്ങളാണ്. രണ്ടും സർഗ്ഗവേദികളാണ്. ഒന്ന് വൈകാരിക പ്രപഞ്ചമാണെങ്കിൽ മറ്റേത് വൈചാരിക പ്രപഞ്ചമാണ്.

**ഈ തലമുറയുടെ സമൃദ്ധമായ ബാല്യത്തേക്കാൾ മനോഹരമായിരുന്നു കഷ്ടതകൾ നിറഞ്ഞ തന്റെ കുട്ടിക്കാലം എന്ന് എപ്പോഴെങ്കിലും തോന്നിയിട്ടുണ്ടോ?**

വിഷമങ്ങൾ നിറഞ്ഞ എന്റെ കുട്ടിക്കാലം നല്ലതാണെന്ന് തന്നെയാണ് തോന്നുന്നത്. പക്ഷേ അത് ഇപ്പോഴുള്ള സമൃദ്ധമായ ബാല്യത്തെ അപേക്ഷിച്ച് കൂടുതൽ സുന്ദരമായിരുന്നുവെന്നൊന്നും തോന്നുന്നില്ല്യ. അന്നില്ലാതിരുന്ന സൗകര്യങ്ങളൊക്കെ ഇപ്പോൾ കുട്ടികൾക്കുണ്ടായത് ഏറെ സന്തോഷത്തോടെയാണ് ഞാൻ നോക്കി കാണുന്നത്. ഈ കാലത്ത് ജനിച്ചാൽ മതിയായിരുന്നുവെന്നൊക്കെ എനിക്കും തോന്നിയിട്ടുണ്ട്. പക്ഷേ അങ്ങനെ ചിന്തിച്ചിട്ട് കാര്യമില്ലല്ലോ? ഇപ്പോൾ കുട്ടികൾക്കുള്ള ഈ സൗകര്യങ്ങൾ അവർ നന്നായി ഉപയോഗിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു.

**എഴുത്തിലും ജീവിതത്തിലും സ്വാധീനിച്ച വ്യക്തികൾ?**

മുത്തച്ഛനും അച്ഛനും അമ്മയും ഉൾപ്പെടെ കുടുംബത്തിലുണ്ടായിരുന്ന എല്ലാവരും എന്നെ സ്വാധീനിച്ചവരാണ്. എന്നെ പഠിപ്പിച്ച ഗുരുക്കന്മാരും എനിക്ക് പരിചയമുള്ള എല്ലാ അനൗപചാരിക ഗുരുനാഥൻമാരും എന്നെ സ്വാധീനിച്ചവരാണ്. എഴുത്തിൽ ആദ്യ കാലത്തെഴുതിയ വ്യാസനും വാല്മീകിയും തൊട്ട് എന്നോടൊപ്പം എഴുതിയവർ വരെ എന്നെ സ്വാധീനിച്ചിട്ടുണ്ട്. എന്റെ എല്ലാ കൃതികൾക്കും പിന്നിൽ ഇവരൊക്കെ ഒരുമിച്ചുള്ള സ്വാധീനമുണ്ട് എന്ന് വളരെ വിനയപൂർവ്വം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

**മലയാളിയുടെ വായന കുറഞ്ഞു വരുന്നു എന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?**

ഒരിക്കലും ഇല്ല്യ. മലയാളിയുടെ വായന ഒട്ടും കുറഞ്ഞിട്ടില്ല്യ. തെളിവ് എന്താണ് എന്നു ചോദിച്ചാൽ, എന്റെ ആദ്യത്തെ പുസ്തകം 'നിഴൽപ്പാടുകൾ' എന്ന നോവൽ അഞ്ഞൂറ് കോപ്പിയാണ് തൃശ്ശൂരിലെ 'കറന്റ് ബുക്സ്' എന്ന സ്ഥാപനം അച്ചടിച്ചത്. അന്ന് സാധാരണയായി ഇരുന്നൂറ്റിയമ്പത് കോപ്പികൾ മാത്രമേ അച്ചടിക്കാറുണ്ടായിരുന്നുള്ളുവത്രേ. ആളുകൾ അതിന്റെ പ്രസാധകരായിരുന്ന തോമസ് മുണ്ടശ്ശേരിയോട് ഈ പുസ്തകങ്ങളെല്ലാം എവിടെ കൊണ്ട് പോയി വിൽക്കും എന്ന് ചോദിച്ചിരുന്നുവത്രേ. ആ പുസ്തകം ഇപ്പോൾ അതിന്റെ നാല്പതാമത്തെ പതിപ്പ് അച്ചടിക്കുമ്പോൾ ഏറ്റവും കുറഞ്ഞത് മൂവായിരം കോപ്പികളാണ്.ഇത് രണ്ടും കൂടി താരതമ്യം ചെയ്യുമ്പോൾ ആലോചിച്ചു നോക്കൂ. ഇവിടുത്തെ ആളുകളുടെ വായന കൂടിയോ, കുറഞ്ഞുവോയെന്ന്.

**നേടിയിട്ടുള്ള പുരസ്കാരങ്ങളിൽ ഏറ്റവും പ്രിയപ്പെട്ട ത് ഏതാണ്?**

രണ്ട് പുരസ്കാരങ്ങൾ ഒരുമിച്ച് കിട്ടിയ ഒരു ദിവസമുണ്ട് എന്റെ ജീവിതത്തിൽ. എട്ടാം ക്ലാസ്സിൽ പഠിക്കുമ്പോഴായിരുന്നു അത്. സാറ് കോമ്പോസിഷൻ പുസ്തകം നോക്കി തിരിച്ചു കൊണ്ടുവന്നു തന്നപ്പോൾ, എന്റെ പുസ്തകം തരാതെ എന്നോട് പറഞ്ഞു, ടീച്ചേഴ്സ് റൂമിലേയ്ക്ക് വരാൻ. ചെന്നപ്പോൾ മാഷിരുന്ന് ചായ കുടിക്ക്യാണ്. ഒരു കൈയ്യിൽ പരിപ്പുവടയും മറ്റേ കൈയ്യിൽ എന്റെ പുസ്തകവുമുണ്ട്. പുസ്തകം എന്റെ കൈയ്യിൽ തന്നിട്ട്, ആ വട പൊട്ടിച്ച് ഒരു കഷ്ണം കൈയ്യിൽ തന്നു. പിന്നീട് പുസ്തകം ഒന്ന് മറിച്ച് നോക്കാൻ ആവശ്യപ്പെട്ടു. ഞാൻ പുസ്തകം മറിച്ച് നോക്കി.നാല് പേജുള്ള പ്രബന്ധത്തിൽ മൂന്നിടത്ത് അക്ഷരത്തെറ്റുകൾ വന്നിട്ടുണ്ട് മാഷ് എന്നോട് ചോദിച്ചു. നല്ല പോലെ നോക്കീല്യേ? ആ നോക്കി. രണ്ട് കാര്യങ്ങൾ കൃത്യമായി ഓർമ്മയിൽ വെക്കണം. നിനക്ക് നാളെ മലയാള ഭാഷ എഴുതാൻ വശമായേക്കാം. ആ വാചകം ശ്രദ്ധിക്കണം. ഇപ്പോൾ വശമായി എന്നല്ല. വശമായേക്കാം എന്നാണ്.പക്ഷേ അങ്ങനെയുള്ള നീയ് അശ്രദ്ധ കൊണ്ട് അക്ഷരത്തെറ്റ് വരു ത്തീട്ടുണ്ട്. അതുകൊണ്ട് ആ വട പിടിക്കാത്ത മറ്റേ കൈ നീട്ടൂ... എന്ന് പറഞ്ഞു. നല്ല നാല് അടിയാണ് പിന്നെ എനിക്ക് കിട്ടിയ പുരസ്കാരം. ആദ്യത്തെ പുരസ്കാ രം കൊണ്ടുണ്ടായ ഗുണം ഞാനെന്ത് ചെയ്യുമ്പോഴും എന്റെ എല്ലാ കഴിവും ചെയ്യുന്ന ജോലിയിൽ പൂർണ്ണമായി ഉപയോഗിക്കണം എന്നുള്ളതിന്റെ ഓർമ്മയെന്ന മധുരമായ ഒര റിവാണ്. രണ്ടാമത്തെ പുരസ്കാരം എനിക്ക് എന്റെ അശ്രദ്ധ കൊണ്ട് ജോലിയിൽ ഒരു തെറ്റും വരാൻ പാടില്ല എന്ന എരിവ് മാത്രമുള്ള ഒരോർമ്മയാണ്. ഈ രണ്ട് പുരസ്കാ രങ്ങളാണ് പിന്നീടുള്ള എന്റെ ഗതി നിയന്ത്രിച്ചത് എന്ന് പറയാൻ എനിക്കേറെ സന്തോഷമുണ്ട്. ഇപ്പോഴും മനസ്സിൽ ചേർന്നു നിൽക്കുന്നത് ഈ രണ്ട് പുരസ്കാ രങ്ങൾ തന്നെയാണ്

**തീക്കടൽ കടഞ്ഞ് തിരുമധുരം' എന്ന നോവലുമായി ബന്ധപ്പെട്ട് ഏറ്റവും സന്തോഷിപ്പിച്ചതും സങ്കടപ്പെടുത്തിയതുമായ രണ്ട് കാര്യങ്ങൾ?**

ജീവിത ദൗത്യം നിറവേറി എന്ന തോന്നൽ ഒരു ചെറിയ സന്തോഷമല്ലല്ലോ? ഈ പുസ്തകങ്ങൾ എഴുതി കഴിഞ്ഞപ്പോൾ എനിക്കുണ്ടായത് ഇങ്ങനെ വലിയ ഒരു ആശ്വാസവും തൃപ്തിയുമാണ്. പക്ഷേ അതിന്റെ കൂടെ ഉണ്ടായ ഒരു വലിയ സങ്കടം... ആ പുസ്തകത്തെക്കുറിച്ചുള്ള ആലോചനയേക്കാളേറെ അതിനോട് യാതൊരു ബന്ധവുമില്ലാത്ത ജാതിയെ കുറിച്ചുള്ള ഒരു വിവാദം അതിന്റെ പിറകേ വന്നു എന്നതാണ്. എന്തിനെതിരെയാണോ എഴുത്തച്ഛൻ ജീവിതകാലം മുഴുവൻ പോരടിച്ചത് അതാണ് ജാതി. 'ജാതി നാമാദികളല്ല' എന്ന് രാമായണത്തിലദ്ദേഹം കൃത്യമായി എഴുതി വെച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ജീവചരിത്രത്തെ കുറിച്ചുണ്ടായ ചർച്ച പ്രാഥമികമായി ജാതിയെ കുറിച്ചുള്ളതായിപ്പോയി എന്നുള്ളത് ഒരു വലിയ സങ്കടമായി എനിക്ക് തോന്നി.

**വാക്കുകളേക്കാൾ ശക്തി ദൃശ്യങ്ങൾക്കുണ്ട് എന്ന് പറയുന്ന അങ്ങയിൽ നിന്നും ഇനിയൊരു സിനിമ പ്രതീക്ഷിക്കാമോ?**

തീർച്ചയായും... കുട്ടികൾക്ക് വേണ്ടി ഒരു ചിത്രം ചെയ്യണമെന്ന് ഒരു വലിയ മോഹമുണ്ട്. അതിന്റെ ചുറ്റുവട്ടങ്ങൾ ഒരുങ്ങി വരുന്ന അവസ്ഥയ്ക്ക് എപ്പോഴെങ്കിലും അത് സംഭവിച്ചു കൂടായ്കയില്ല. മനസ്സിലുള്ള മോഹങ്ങൾ പറയുകയാണെങ്കില് അങ്ങിനെയൊരു മോഹം കൂടിയുണ്ട് എന്നുള്ളതാണ് നേര്. നടന്ന് കിട്ടിയാലായി.

**വിദ്യാർത്ഥി സമൂഹത്തിനോട് എന്താണ് അങ്ങേയ്ക്ക് പറയാനുള്ളത്?**

ഏറ്റവും പ്രധാനപ്പെട്ട കാര്യം ഓരോരു ത്തർക്കും സ്വന്തമായി ഒരു ദൗത്യമുണ്ട് എന്ന തിരിച്ചറിവ് ഉണ്ടാകണം എന്നതാണ്. ഓരോരുത്തർക്കും സ്വന്തമായ, തനതായ, നിയതമായ ഒരു ഭാഗം ഈ ഭൂമിയിൽ അഭിനയിച്ചു തീർക്കാനുണ്ട് എന്ന് നമ്മളറിയണം. അങ്ങനെ അറിഞ്ഞാലേ വിഭവസമൃദ്ധമായ ഒരു സദ്യയായിട്ട് ലോകത്ത് മനുഷ്യവംശത്തിന്റെ പൊറുതി മാറുകയുള്ളൂ. അപ്പോഴേ ഈ ജനിച്ചു, ജീവിച്ചു എന്നുള്ളതിന് എന്തെങ്കിലും തെളിവ് ഉണ്ടായി എന്നൊരു തൃപ്തി ജീവിച്ചും ജനിച്ചും പോകുന്ന ആളുകൾക്കുണ്ടായിക്കിട്ടൂ. രണ്ടാമത് മനുഷ്യൻ ചെയ്യുന്ന ജോലിയുടെ അടിസ്ഥാനത്തിൽ വലിപ്പചെറുപ്പം കൽപ്പിക്കാതിരിക്കുക. ഇങ്ങനെയുള്ള ഒരു സമൂഹത്തിലേക്കാണ് നമ്മൾ പോകേണ്ടത്. ആ സമൂഹം വരുത്താനുള്ള പരിശ്രമത്തിൽ നമ്മൾ മുഴുകണം എന്നു മാത്രമാണ് എനിക്കീ തലമുറയോടും വരാനിരിക്കുന്ന തലമുറകളോടും പറയുവാനുള്ളത്..

ഇനി ചോദ്യങ്ങൾക്ക് പ്രസക്തിയില്ല. ഞങ്ങൾ അറിയാൻ ആഗ്രഹിച്ച ചെറിയ ചോദ്യങ്ങൾക്കുള്ള വലിയ ഉത്തരങ്ങൾ തിരിച്ചറിവുകളുടെ അനന്തമായ വിഹായസിലേക്ക് തുറന്നിട്ട ജാലകങ്ങൾ തന്നെയായിരുന്നു. ശാസ്ത്രം, സാഹിത്യം, പത്ര പ്രവർത്തനം, ചലച്ചിത്രം തുടങ്ങിയ മേഖലകളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിച്ച ബഹുമുഖ പ്രതിഭയെ, മലയാളസാഹിത്യത്തിലെ' മുൻപേ പറക്കുന്ന പക്ഷിയെ നിങ്ങൾക്ക് പരിചയപ്പെടുത്തിക്കൊണ്ട് ഈ ഇന്റർവ്യൂ അവസാനിപ്പിക്കുമ്പോൾ, ഇതിഹാസ തത്വങ്ങൾ ഹൃദയത്തിൽ കാത്തുസൂക്ഷിക്കുന്ന പ്രിയപ്പെട്ട എഴുത്തുകാരാ... അങ്ങയുടെ കാൽപാദങ്ങളിൽ തൊടാതെ തൊട്ടിരിക്കുന്നു.... അനുഗ്രഹിച്ചാലും....

*റീന പ്രവീൺ*



# മാടമ്പള്ളിയിലെ ചിത്തരോഗി

സുദീർഘമായ ലേഖനമെഴുതാൻ അല്ല ഞാൻ ഇവിടെ ഉദ്ദേശിക്കുന്നത്. എനിക്ക് ചോദിക്കാനുള്ള ചോദ്യങ്ങളും എന്നോട് പലപ്പോഴായി ചോദിച്ചിട്ടുള്ള ചോദ്യങ്ങളുടെ മറുപടിയുമാണിത്. ഡ്രസ്സിംഗ് അഥവാ വസ്ത്രധാരണത്തെക്കുറിച്ച്. സ്ത്രീകൾ നിക്കറിട്ട് നടന്നാലോ, സ്ലീവ്ലെസ് ഇട്ടാലോ ലിംഗസമത്വം കിട്ടില്ല. ഫെമിനിസം ആകില്ല പക്ഷേ ഇന്ന് ഇതെല്ലാം ഫെമിനിസത്തിന്റെ ഒരു പ്രധാന ഘടകമായി മാറിയിരിക്കുന്നു. എന്തുകൊണ്ട്? എപ്പോഴാണ് നിക്കറിട്ട നടക്കുന്നവർ എല്ലാം ഫെമിനിസ്റ്റുകൾ ആകുന്നത്. സ്ത്രീകൾ, പെൺകുട്ടികൾ ഇന്ന വസ്ത്രം മാത്രമേ ധരിക്കാവൂ എന്ന് സമൂഹം നിഷ്കർഷിക്കുമ്പോൾ നിക്കർ ഇടുന്നത് ഫെമിനിസം ആകുന്നു. സ്കൂളിൽനിന്ന് കളർ ഡ്രസ്സ് ഇടാൻ അനുവദിക്കുന്നതിന് തൊട്ടുമുൻപ് പെൺകുട്ടികളെ പ്രത്യേകമായി വിളിച്ച് നിർദ്ദേശങ്ങൾ തരും. ജീൻസ് ഇടാൻ പാടില്ല, പലാസോ ഇടാൻ പാടില്ല ഇറക്കമില്ലാത്ത ടോപ്പ് ഇടാൻ പാടില്ല, കുർത്ത ആണെങ്കിൽ മുട്ടിനു താഴെ ഇറക്കം ഉണ്ടായിരിക്കണം പ്രത്യേകം ശ്രദ്ധിക്കുക സ്ലീവ്ലെസ് ഇടാൻ പാടില്ല ഷോൾ ഉപയോഗിക്കണം നിർബന്ധമാണ്. അങ്ങനെ.... അങ്ങനെ.... അങ്ങനെയുള്ള നിർദേശങ്ങൾ തരുമ്പോൾ ഇതിനെല്ലാം എതിരായി, റിബൽ ആവുക എന്നത് ഫെമിനിസം ആകുന്നു. അവരെ ഒന്ന് വെറുതെ വിട്ടു നോക്കിയേ ഒരു വ്യക്തി അവർക്കിഷ്ടമുള്ളത് ഇട്ട് നടന്നോട്ടെ. ഒരുകാര്യം അടിച്ചേൽപ്പിക്കാൻ ശ്രമിക്കുമ്പോൾ അതിനെതിരെ പോവുക എന്നത് സാധാരണമാണ്. ഞാൻ വീണ്ടും ആവർത്തിക്കുന്നു. നിക്കറിട്ടു നടന്നാൽ അത് സ്ത്രീശാക്തീകരണം ആകില്ല. എന്തുകൊണ്ട് ഇത്തരത്തിലുള്ള വസ്ത്രധാരണം ഫെമിനിസത്തിന്റെ ഭാഗമാകുന്നു എന്നതിനെക്കുറിച്ചുള്ള എന്റെ കാഴ്ചപ്പാടാണിത്.

ഇനി പീഡനം കൂടുന്നത് അല്ലെങ്കിൽ സംഭവിക്കുന്നത് സ്ത്രീകളുടെ, പെൺകുട്ടികളുടെ വസ്ത്രധാരണത്തിന്റെ പ്രശ്നമാണെന്ന് ഞാൻ പലയിടത്തും പറഞ്ഞു കേട്ടിട്ടുണ്ട്. അവരോടൊക്കെ എനിക്ക് ചോദിക്കാനുള്ളത്.... വസ്ത്രധാരണത്തിന് എന്ത് പ്രശ്നം ഉണ്ടായിട്ടാണ് രണ്ടു വയസ്സുള്ള പിഞ്ചുകുഞ്ഞും 80 വയസ്സുള്ള വൃദ്ധയും നമ്മുടെ ഈ നാട്ടിൽ ഇക്കാലത്ത് പീഡിപ്പിക്കപ്പെടുന്നത്? വസ്ത്രധാരണം കൊണ്ടാണോ?

കേരളത്തിലെ പീഡന കേസുകൾ എടുത്തു നോക്കാം.... ജിഷ, സൗമ്യ ഇവരൊക്കെ സമൂഹം പറയുന്നതുപോലെ വൃത്തിയുള്ള വേഷം ധരിച്ചാണ് നടന്നിരുന്നത്. മാടമ്പള്ളിയിലെ യക്ഷി വസ്ത്രധാരണം അല്ല നമ്മൾ ഓരോരുത്തരുടെയും മനോഭാവമാണ് മാഷേ.... ചിന്താഗതിയാണ്.... അത് മാറണം! ജോസഫ് അന്നംകുട്ടി ജോസ് ഒക്കെ പറഞ്ഞതുപോലെ പോലെ മൂടിക്കെട്ടി ഒരു പാത്രം കയ്യിൽ കൊടുത്തിട്ട് അതിനുള്ളിൽ ഒരു സാധനമുണ്ട് തുറന്നു നോക്കരുത് എന്നു പറഞ്ഞാൽ മനുഷ്യ സ്വഭാവമനുസരിച്ച് തുറന്നു നോക്കാനുള്ള പ്രവണത വർദ്ധിച്ചുകൊണ്ടേയിരിക്കും. സ്ത്രീകളേയും, പെൺകുട്ടികളെയും കൂടുതൽ മൂടികെട്ടുന്നത് കൊണ്ട് പീഡനമൊന്നും നടക്കാതിരിക്കാൻ പോകുന്നില്ല. ഓരോ പ്രാവശ്യവും.... പെൺകുട്ടികൾ മാത്രം ഒന്നു അകത്തേക്ക് വരൂ.... ആൺകുട്ടികൾ ഒന്നു പുറത്തേക്ക് പോകൂ... എന്നൊക്കെ പറയുമ്പോൾ ഇവർക്ക് എന്താ ഇത്ര പ്രത്യേകത എന്ന് തോന്നാത്ത ആൺകുട്ടികൾ ചുരുക്കം. Attittude makes all the difference. ലോകം വളർന്ന് ഒരു കുടക്കീഴിൽ എത്തി. മനസ്സ് ഇടുങ്ങി ഓരോരുത്തരുടെ കയ്യിലും! മുട്ടിനു മുകളിൽ ഉള്ള കുട്ടിപ്പാവാടയും, കോട്ടോ, ഷോളോ ഇടാതെയുള്ള അമ്മയുടെ സ്കൂൾ ഫോട്ടോ കാണുമ്പോൾ എന്താണ് വികസനം എന്ന ചോദ്യം ഉയരുന്നു. മനോഭാവം.... അത് മാറണം.... മാറ്റണം....!!!



Maria Sunil
+2 A



# നാട്ടറിവിലൂടെ ഉള്ള ഒരു വെബിനാർ യാത്ര....

ഏത് പ്രതികൂല സാഹചര്യത്തെയും തരണം ചെയ്യുക എന്ന മഹത്തായ ഗുണം മനുഷ്യനുണ്ട്. അതിനാലാണ് ലോകമെമ്പാടുമുള്ള ജനത ഒരുമയോടെ അകലം പാലിച്ച് കൊറോണ വൈറസിനേയും ഇന്ന് നേരിട്ടുകൊണ്ടിരിക്കുന്നത്. ഒരു വിഷബാധയ്ക്കും വിദ്യാർഥി  അധ്യാപക സമൂഹത്തെ ബാധിക്കാനാവില്ല എന്ന് തെളിയിച്ചു കൊണ്ട് നിരവധി ഓൺലൈൻ പരിപാടികളും പ്രവർത്തനങ്ങളും ഒരു പക്ഷേ മറ്റു വർഷത്തേക്കാൾ ഗംഭീരമായി നടന്നു പോകുന്നതും അതിന്റെ തെളിവാണ്. അത്തരം ഒരു പരിപാടിയുടെ ഓർമ്മകളിലേയ്ക്കാണ് ഞാൻ നിങ്ങളെയും കൊണ്ടു പോകുന്നത്.

ഓഗസ്റ്റ് 22. സെൻറ് ജോസഫ്സ് സ്കൂളിന്റെ ചരിത്രത്തിലെ നാഴികക്കല്ലാണ്. അന്നാണ് പത്ത്, പ്ലസ്ടു മലയാളം വിദ്യാർത്ഥികൾ ഒത്തൊരുമിച്ച് ‘നാട്ടുപ്പെരുമ’ എന്നപേരിൽ ഒരു മലയാളം വെബിനാർ സംഘടിപ്പിച്ചത്. മലനാടിന്റെ, ദൈവത്തിന്റെ സ്വന്തം നാടിന്റെ നേർചിത്രമായിരുന്നു യഥാർത്ഥത്തിൽ നാട്ടുപ്പെരുമ. മണ്മറഞ്ഞു പോയനാടൻ കലകളെ കുറിച്ചും കർഷകരുടെ തനിമയും വിയർപ്പും നിറഞ്ഞ നിരവധി കാർഷിക രീതികളെ കുറിച്ചും കലാ കൗതുകം നിറഞ്ഞ നാടൻപാട്ടുകളെ കുറിച്ചും നാട്ടു വൈദ്യത്തെക്കുറിച്ചും ഏറെ അറിവുകളായിരുന്നു അന്ന് പങ്കുവെച്ചത്.  അമൃതയും ആദിത്യയും മറിയ ചേച്ചിയും ഞാനും ചേർന്ന് പ്രബന്ധാവതരണങ്ങൾ നടത്തി. ചോദ്യോത്തരവേളകളും ചർച്ചകളും എന്നെന്നും മനസ്സിൽ സൂക്ഷിക്കുന്ന ഓർമ്മകളാണ്. വെബിനാർ എന്ന ആശയം തന്നെ പുതുമയുള്ളതായതിനാൽ നിരവധി തവണ ഞങ്ങൾ പരിശീലന സെഷകൾ നടത്തി. ഞങ്ങളുടെ ഊർജ്ജം ബിന്ദു ആന്റണി മിസ്സായിരുന്നു. വിദ്യാർത്ഥി  അധ്യാപക ബന്ധത്തിന്റെയും കൂട്ടായ്മയുടെയും അംഗീകാരമായി മാറുകയായിരുന്നു പിന്നീട് നാട്ടുപ്പെരുമ.

ഓൺലൈനിലൂടെ പരിപാടികൾ നടത്തുമ്പോൾ ഏറെ പോരായ്മകളും വെല്ലുവിളികളും നേരിടേണ്ടി വന്നേക്കാമെങ്കിലും 2020 എന്ന വർഷത്തിൽ എല്ലാ വിദ്യാർത്ഥികൾക്കും അധ്യാപകർക്കും ഓർമയിൽ സൂക്ഷിക്കാനുള്ള ഒന്നായി മാറുകയായിരുന്നു വെബിനാർ. ഒട്ടേറെ സെമിനാറുകളിൽ പങ്കെടുത്തു പോന്ന ഞങ്ങൾക്ക് വെബിനാർ ആദ്യാനുഭവമായിരുന്നു. അതു കൊണ്ടു തന്നെ അതിനു ശേഷം ഞങ്ങളുടെ



Hima P
10 A

പ്രിയപ്പെട്ട അധ്യാപകർ നൽകിയ പ്രോത്സാഹനങ്ങൾ, അതുല്യമായ അഭിപ്രായങ്ങൾ ഇതെല്ലാം ഞങ്ങളുടെ സന്തോഷം വർദ്ധിപ്പിച്ചു. നാട്ടുപ്പെരുമ യിലൂടെ സ്കൂൾ ചരിത്രത്തിന്റെ ഒരു ഭാഗമാകാൻ ഞങ്ങളെ പ്രാപ്തരാക്കിയ മലയാള വിഭാഗത്തോടും സ്കൂൾ മാനേജ്മെൻറ് നോടും ഈ സാഹചര്യത്തിൽ നന്ദി രേഖപ്പെടുത്തുന്നു. ഏറെ ആസ്വാദനവും അറിവുകളും കൗതുകങ്ങളും പകർന്നു തന്ന ആ ദിനങ്ങൾ ജീവിതത്തിലെ മനോഹരമായ ഒരേടാണ്.

# മലയാളം ഫെസ്റ്റ്
## ഒരോർമ്മക്കുറിപ്പ്

നീണ്ട പരിശ്രമങ്ങൾക്കും ചർച്ചകൾക്കും വിരാമം കുറിച്ചു കൊണ്ടായിരുന്നു ഒക്ടോബർ 30 എന്ന ദിവസത്തിന്റെ വരവ്. കൊറോണയെ പിന്തള്ളിക്കൊണ്ട് മലയാളം ഫെസ്റ്റ് അന്നാരംഭിച്ചു. രണ്ട് ദിവസങ്ങളിലായി വ്യത്യസ്തവും വർണാഭവുമായ പരിപാടികൾ ഞങ്ങൾ പത്ത്, പന്ത്രണ്ട് ക്ലാസിലെ മലയാളം വിദ്യാർത്ഥികൾ ചേർന്നൊരുക്കി. അറിവും സർഗാത്മകതയും എല്ലാം കൂടിച്ചേർന്ന ഒരു അരങ്ങായിരുന്നു കേരളം 2k20.

ഒക്ടോബർ മുപ്പതാം തീയതി വ്യർച്വൽ പ്ലാറ്റ്ഫോമായ ഗൂഗിൾ മീറ്റിലൂടെ രാവിലെ 11 മണിക്ക് നടന്ന ഉദ്ഘാടന സമ്മേളനത്തോടെ ഫെസ്റ്റ് ആരംഭിച്ചു. ഫാദർ നെൽസ് ഇയ്യാലിൽ ആധ്യക്ഷ്യം വഹിച്ച യോഗം സ്കൂൾ പ്രിൻസിപ്പാൾ ഫാദർ മാത്യു പതിപ്ലാക്കൽ ഉദ്ഘാടനം ചെയ്തു. തുടർന്ന് സന്തോഷകരമായ ആ നിമിഷങ്ങൾക്ക് പൂർണതയേകി, മനസ്സിൽ ആവേശം നിറച്ചു കൊണ്ട് കേരളീയം 2k20 യുടെ ലോഗോ പ്രകാശനം നടന്നു.

കൊറോണക്കാലം ഞങ്ങളുടെ പഠന കാലയളവിലെ നഷ്ട വർഷം ആകരുത് എന്ന ചിന്തയിൽ നിന്നായിരുന്നു തുടക്കം. അതിനെന്ത് ചെയ്യാമെന്ന ചിന്തകൾ പല വഴിയിലൂടെ സഞ്ചരിച്ചപ്പോൾ ക്ലാസ്സുകൾ സമന്വയിപ്പിക്കാമെന്ന അഭിപ്രായം ഞങ്ങൾക്ക് പുത്തനുണർവ് പകർന്നു. അത് സ്കൂൾ ചരിത്രത്തിലെ ആദ്യ വ്യർച്ച്വൽ ഫെസ്റ്റിലേക്കാണ് ഞങ്ങളെ നയിച്ചത്. 10, 12 ക്ലാസ്സുകളിലെ മുഴുവൻ മലയാളം വിദ്യാർത്ഥികളും അണിചേർന്ന ആദ്യ ഫെസ്റ്റ്.

ഏറ്റവും രസകരവും അവിസ്മരണീയവുമായ അനുഭവങ്ങൾ സമ്മാനിച്ചത് അണിയറ പ്രവർത്തനങ്ങളാണ് . ഞങ്ങളുടെ ബിന്ദു മിസ്സിന്റെ നേതൃത്വത്തിൽ രൂപീകരിച്ച എഡിറ്റേഴ്സ് ഗ്രൂപ്പിലായിരുന്നു ചർച്ചകൾ നടന്നത്. എഡിറ്റേഴ്സായി ജിം ടോണി, അക്ഷയ്, മറിയ, ഡെൽന എന്നിവർ തെരഞ്ഞെടുക്കപ്പെട്ടു. വീഡിയോ എഡിറ്റിംഗിന്റെ ഓരോ ഘട്ടത്തിലും എല്ലാ ഘടകങ്ങളും ഞങ്ങൾ ചർച്ചകൾക്ക് വിധേയമാക്കി. 10ാം ക്ലാസ്സിലെ എക്സിബിഷൻ വീഡിയോയും മത്സരങ്ങളും 12ാം ക്ലാസ്സിലെ കേരളീയ കലകളെ കുറിച്ചൊരു വീഡിയോയും ടീസറും ലോഗോയും അണിയറയിൽ തയ്യാറായി കൊണ്ടിരുന്നു.

29 ന് സ്കൂൾ ഒഫീഷ്യൽ ഗ്രൂപ്പിലൂടെ കേരളീയം2സ20 ടീസറും ക്ഷണക്കത്തും പുറത്തിറങ്ങിയപ്പോൾ സ്കൂൾ മുഴുവൻ അതേറ്റെടുത്തു. 30 ന് ഉദ്ഘാടന സമ്മേളനത്തിനു ശേഷം കരകൗശല ചിത്രപ്രദർശനങ്ങളടങ്ങിയ പത്താം ക്ലാസ്സുകാരുടെ വീഡിയോ സ്കൂൾ ഒഫീഷ്യൽ യൂട്യൂബ് ചാനലിലൂടെ റിലീസ് ചെയ്തു. ഫെസ്റ്റിന്റെ ഭാഗമായി നടന്ന മത്സരങ്ങളും ബിന്ദു മിസ്സിന്റെ നേതൃത്വത്തിൽ അന്നു തന്നെ നടന്നു. 31 ന് കേരളത്തിന്റെ 14 ജില്ലകളിലായി കാണപ്പെടുന്ന 14 കലാരൂപങ്ങളെ കുറിച്ച് ‘കേരളത്തിലൂടെ ഒരു യാത്ര’ എന്ന പന്ത്രണ്ടാം ക്ലാസ്സുകാരുടെ വീഡിയോയും പുറത്തിറങ്ങി.

നിരവധി അദ്ധ്യാപകരുടേയും സുഹൃത്തുക്കളുടെയും അഭിനന്ദനങ്ങൾ ഞങ്ങൾക്ക് സമ്മാനിച്ച, ജീവിതത്തിൽ ഒരിക്കലും മറക്കാനാവാത്ത അനുഭവങ്ങളേകിയ ഒന്നായിരുന്നു കേരളീയം 2k20. അതിന് ഞങ്ങൾക്ക് നന്ദി പറയാനുള്ളത് ബിന്ദു മിസ്സിനോടാണ്. എന്നും എല്ലാത്തിലും മിസ്സ് ഞങ്ങളെ വഴിനയിച്ചു. കോവിഡ് 19 ഒരു മഹാമാരി തന്നെയാണ്. പക്ഷേ, ഞങ്ങളുടെ ആഗ്രഹങ്ങളെ ഇല്ലാതാക്കാനോ, പ്രവർത്തനങ്ങൾക്ക് തടയിടാനോ, നിശ്ചയദാർഢ്യത്തിനു മേൽ കരിനിഴൽ വീഴ്ത്താനോ ഒരിക്കലും അതിന് കഴിഞ്ഞില്ല എന്നതിന്റെ തെളിവായിരുന്നു ’കേരളീ 2k20’.



Akshay S
10 A



Maria Sunil
12 A

# സർവ്വേ റിപ്പോർട്ട് :
# കോവിഡ് കാല അനുഭവങ്ങളിലൂടെ

ഒരു ഇത്തിരിക്കുഞ്ഞൻ വൈറസ് ലോകത്തെ മുഴുവൻ ഭീതിയിലാഴ്ത്തിയ അതി ദയനീയമായ ഒരു കാഴ്ചയാണ് കഴിഞ്ഞ ഒരു വർഷത്തിലേറെയായി നാം കണ്ടു കൊണ്ടിരിക്കുന്നത്. കൊറോണ വൈറസ് ലോകത്തെ ഒന്നടങ്കം സ്തംഭിപ്പിച്ചപ്പോൾ മുന്നോട്ടുള്ള യാത്ര അതീവ ദുഷ്കരമായിരുന്നു. ഒരു ജനതയുടെ ജീവിതവും സ്വപ്നങ്ങളും എല്ലാം കാറ്റിൽ പറത്തിയ ഈ കാലഘട്ടത്തിൽ അതി ജീവിക്കുക എന്നത് ശ്രമകരമായ ഒരു ദൗത്യം തന്നെയായിരുന്നു. ലോകം മുഴുവൻ ഒറ്റക്കെട്ടായി നിന്ന് ഈ മഹാമാരിയെ അതിജീവിച്ചപ്പോൾ ഓരോരുത്തർക്കും പറയാനുണ്ടായ അനുഭവങ്ങൾ വ്യത്യസ്തമായിരുന്നു. അവരിലൂടെ ഞങ്ങൾ നടത്തിയ അന്വേഷണത്തിന്റെ നേർക്കാഴ്ച ഞങ്ങൾ നിങ്ങൾക്കായി പങ്കുവെക്കട്ടെ....

# കോവിഡും പ്രവാസ ജീവിതവും

കോവിഡ് എന്ന മഹാമാരി ലോകത്തിലെ മറ്റു ഭാഗങ്ങളിലെന്നപോലെ ഗൾഫ് രാജ്യങ്ങളെയും നന്നായി ഉലച്ചു. മൂന്നും നാലുംപേർ താമസിക്കുന്ന റൂമുകൾ മുതൽ പത്തും ഇരുപതും പേർ താമസിക്കുന്ന ഡോർമിറ്ററി വരെയുള്ള ലേബർ ക്യാമ്പുകളെ ആണ് ഈ മഹാമാരി വല്ലാതെ ബാധിച്ചത്. പക്ഷേ അവിടങ്ങളിലെ കഠിന നിയമങ്ങളും വലിയ പിഴകളും ഈ മഹാമാരി പടർന്നുപിടിക്കുന്നതിൽ നിന്നും ഏറെക്കുറെ സഹായിച്ചു. ആരോഗ്യ കേന്ദ്രങ്ങളുടെ കുറവുകൾ തീർച്ചയായും, വളരെ മോശമായി ജനങ്ങളെ ബാധിച്ചു. ലേബർ ക്യാമ്പുകളിൽ നിന്നും 200300 കിലോമീറ്റർ അകലെയാണ് മിക്ക ആശുപത്രികളും. സാമ്പത്തികമായിഗൾഫ് രാജ്യങ്ങളെയും അവിടങ്ങളിലെ ജനങ്ങളെയും വളരെ മോശമായി ബാധിച്ച ,ഈ മഹാമാരിയെ പിടിച്ചു കെട്ടുന്നതിന് മിക്കവാറും ഉത്പാദന കേന്ദ്രങ്ങളും അടച്ചുപൂട്ടുകയും തൊഴിലാളികളുടെ എണ്ണത്തിൽ 50 ശതമാനത്തിൽ കൂടുതൽ കുറവ് വരുത്തുകയും ചെയ്തു. ആരോഗ്യസുരക്ഷാ മേഖലയിലുള്ള ഉദ്യോഗസ്ഥർ ഓഫീസുകളും മറ്റു സ്ഥാപനങ്ങളും കൃത്യമായ ഇടവേളകളിൽസാനി റൈറസേഷൻ നടത്തിയും സാമൂഹിക അകലം ഉറപ്പുവരുത്തിയും അവരവരുടെ ക്യാമ്പുകൾ സുരക്ഷിതമാക്കുന്നതിൽ നിർണായക പങ്കുവഹിച്ചു. ജനങ്ങളുടെ സഹകരണവും ഗവൺമെന്റിന്റെ സമയോചിതമായ ഇടപെടലുകളും അതിഭയാനക ഘട്ടത്തിൽ എത്താതിരിക്കാനും ഏവരെയും സുരക്ഷിതമാക്കാനും സഹായിച്ചു.വിമാനത്താവളങ്ങളും, ചെറു ഗതാഗത ങ്ങളും സ്തംഭിച്ചത് രോഗസംക്രമണത്തിന് കുറവുവരുത്തി. പക്ഷേ അത് അന്യരാജ്യ തൊഴിലാളികളെ വളരെ ബുദ്ധിമുട്ടിച്ചു. പലർക്കും അവരുടെ ഉറ്റവരെയും ഉടയവരെയും അവസാനമായി കാണാൻ പോലും സാധിക്കാത്ത അവസ്ഥ ഉണ്ടാക്കി. ശമ്പള മില്ലാത്തത് കാരണം ആഹാര സാധനങ്ങൾ വാങ്ങാൻ കഴിയാത്തവർക്ക് ഗവൺമെന്റും സന്നദ്ധസംഘടനകളും ആഹാരവും അവശ്യവസ്തുക്കളും മരുന്നുകളും എത്തിച്ചു നൽകി. ചികിത്സ തികച്ചും സൗജന്യമാക്കി. 500



പേരോളം വരുന്ന എന്റെ ക്യാമ്പിലെ ആദ്യ കേസ് റിപ്പോർട്ട് ചെയ്ത ശേഷം ഒരു മാസത്തോളം എല്ലാ ജോലികളും നിർത്തിവെച്ച് എല്ലാവരും സെൽഫ് ക്വാറന്റയിൻ മോഡിലേക്ക് മാറി. 75 ഓളം ബെഡ്ഡുകൾ, ക്വാറന്റയിൻ, ഐസുലേഷൻ ആവശ്യങ്ങൾക്കായി മാറ്റിവെച്ചു. എല്ലാ രണ്ടു മണിക്കൂർ കൂടുമ്പോഴും കോമൺ ഏരിയ അണുനശീകരണം ചെയ്തിരുന്നു. ലോകത്തിന്റെ പല ഭാഗങ്ങളിൽ നിന്നും വന്നെത്തിയ അഞ്ഞൂറോളം വരുന്ന വർക്കേഴ്സിനെ നിയന്ത്രിക്കുക എന്ന ദുഷ്കരമായ കാര്യം ഞങ്ങൾ രണ്ട് ഹെൽത്ത് ആൻഡ് സേഫ്റ്റി അഡ്വൈസേഴ്സ് വളരെ ഭംഗിയായി തന്നെ ചെയ്തു തീർത്തു. അതുകൊണ്ടുതന്നെ രോഗവ്യാപനം വെറും പത്തിനുള്ളിൽ ഒതുക്കാൻ കഴിഞ്ഞു. പ്രൈമറി സെക്കന്ററി കോൺടാക്ട് ഇരുന്നൂറോളം പേര് ക്വാറന്റയിൻ ചെയ്തു. സമയാസമയങ്ങളിൽ ടെലിഫോൺ ഇൻറർവ്യൂ വഴി അവരിൽനിന്നും വസ്തുതകൾ ഉൾക്കൊണ്ട് മെഡിസിൻ അടക്കമുള്ള അവശ്യ സർവീസുകൾ അവർക്ക് നൽകുന്നതിനും കഴിഞ്ഞു.ആളുകൾ കൂട്ടംകൂടി നിൽക്കുന്നത് ഒഴിവാക്കാൻ സെക്യൂരിറ്റി സ്റ്റാഫിനെ നിയമിച്ചു. ഭക്ഷണം മെസ്സിൽ നിന്നും മാറ്റി റൂമിലേക്ക് പാഴ്സൽ സംവിധാനമാക്കി. അവശ്യവസ്തുക്കൾ ആയ സാനിറ്റൈസർ, മാസ്ക്, പി.പി.ഇ.കിറ്റ്, ഭക്ഷണം എന്നിവ ഒരു മുടക്കവും കൂടാതെ നൽകി കമ്പനി മാനേജ്മെൻറ് വളരെയധികം സപ്പോർട്ട് ചെയ്തു. വർക്കേഴ്സിന്റെ സഹകരണവും മാനേജ്മെന്റിന്റെ കൂട്ടായ പ്രവർത്തനവും മൂലം ഒരു മാസത്തിനകം തന്നെ ജോലിയിൽ തിരികെ പ്രവേശിക്കുന്നതിനും, ക്വാറന്റയിൻ നമ്പേഴ്സ് സീറോ ആകുന്നതിനു ഞങ്ങൾക്ക് കഴിഞ്ഞു ഒരു കാര്യം എനിക്ക് പറയാതിരിക്കാൻ വയ്യ.നാടും വീടും ഉപേക്ഷിച്ച് വിദേശത്ത് പോയി പല കഷ്ടപ്പാടുകളും സഹിച്ച് ശരിയായ കുടുംബ ജീവിതം പോലും നയിക്കാതെ തങ്ങളുടെ ഉറ്റവരെയും ഉടയവരെയും ഉപേക്ഷിച്ച് പ്രവർത്തിച്ചിരുന്ന പ്രവാസികളെ രോഗ വ്യാപനത്തിന്റെ പേരിൽ സ്വന്തം നാട്ടുകാരും വീട്ടുകാരും വരെ അകറ്റി നിർത്തിയ വേദനാജനകമായ സന്ദർഭങ്ങൾ ഏതൊരു പ്രവാസിയും നൊമ്പരപ്പെടുത്തുന്ന ഓർമകളിൽ ഒന്നായി എന്നും അവശേഷിക്കും.എന്നാൽ ഞാൻ നാട്ടിൽ വന്നപ്പോൾ ഉണ്ടായ അനുഭവം നേരെ മറിച്ചായിരുന്നു എന്റെ കുടുംബവും അയൽവാസികളും നാട്ടിലെ ആരോഗ്യപ്രവർത്തകരും നൽകിയ അകമഴിഞ്ഞ സ്നേഹവും പരിചരണവും ഒരിക്കലും മറക്കാൻ കഴിയാത്ത അനുഭവം തന്നെയാണ്. എന്റെ മകൾ മൈഥിലി എനിക്ക് വേണ്ട എല്ലാ സൗകര്യങ്ങളും റൂമിൽ ഒരുക്കി വെച്ചിരുന്നു. ഇനിയും നമ്മൾ പലമഹാമാരികളുംനേരിടേണ്ടിവരും.കോവിഡിന്റെഅനുഭവങ്ങൾഏവർക്കും ഒരു പാഠമാകട്ടെ. അതിൽനിന്നും അതിജീവനത്തിന്റെ പാതയിലൂടെ നമുക്ക് സഞ്ചരിക്കാം. അതിനു സർവ്വശക്തനായ ദൈവം എല്ലാവരെയും അനുഗ്രഹിക്കട്ടെ.



Sumesh K

# കോവിഡ് 19




കിരീടം എന്ന അർത്ഥം വരുന്ന കോവിഡ്19. 2019 നവംബർ മാസത്തോടെയാണ് ചൈനയിലെ വൂഹാനിൽ നിന്നും പൊട്ടിപ്പുറപ്പെട്ടത്. 2020 ജനുവരി 30ന് ഇന്ത്യയിൽ കേരളത്തിലെ തൃശൂരിൽ ആദ്യത്തെ കേസ് സ്ഥിരീകരിച്ചു. ഏകദേശം ഒന്നര വർഷമായിട്ടും നാം ആശങ്കയോടും ഭീതിയോടും കൂടിയാണ് കോവിഡ് എന്ന മഹാമാരിയെ നോക്കി കാണുന്നത്.ഈ രോഗം മൂലം ഏറ്റവും അധികം കഷ്ടപ്പാടുകൾ അനുഭവിക്കേണ്ടി വന്നിട്ടുള്ളത് നമ്മുടെ ആരോഗ്യ പ്രവർത്തകർക്കാണ്.കോവിഡ് കാരണം ഡോക്ടർമാർ അനുഭവിക്കേണ്ടി വന്ന പ്രയാസങ്ങൾ എന്തെല്ലാമാണ്?ഡോക്ടർമാർക്കും മറ്റ് ആരോഗ്യ പ്രവർത്തകർക്കും ഒട്ടുമിക്ക സമയങ്ങളിലും മാസ്ക്കിന്റെ കൂടെ പി.പി.ഇ കിറ്റും ധരിക്കേണ്ടി വന്നു.കോവിഡ് കാലഘട്ടത്തിൽ സാമ്പത്തിക ചെലവുകൾ കൂടുകയും മറ്റ് രോഗികൾക്ക് കൃത്യസമയത്ത് വേണ്ടത്ര പരിചരണവും ചികിത്സയും ലഭിക്കാതെയും വന്നു.

സർജറി ചെയ്യുമ്പോൾ പോലും ഡോക്ടർമാർക്ക് പി.പി.ഇ കിറ്റ് ധരിക്കേണ്ടി വന്നത് വിഷമകരമായ ഒരു ദൗത്യമായിത്തീർന്നു. സഹ പ്രവർത്തകർക്ക് കോവിഡ് പകരുമ്പോൾ അത് വളരെയധികം ആശങ്ക ഉണർത്തുകയും ചെയ്തിരുന്നു.



Dr. C A Paul



# മാലാഖമാരുടെ കൊറോണക്കാലം

കോവിഡ് 19, ഒരു നേഴ്സ് എന്ന നിലയിൽ എന്റെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ കൊണ്ടുവന്നു. എന്നും രാവിലെ ജോലിക്കു പോകാൻ വലിയ ഇഷ്ടമുള്ള ഒരു വ്യക്തിയായിരുന്നു ഞാൻ. എന്നാൽ ഈ കോവിഡ് കാലഘട്ടത്തിന്റെ വരവോട് കൂടി അത് എന്നിൽ വലിയ മാറ്റം വരുത്തി. മുഖാവരണത്തിന്റെ കീഴിലുള്ള നീണ്ട 6 മണിക്കൂർ, എങ്ങനെയും കടന്നു പോയിരുന്നെങ്കിലെന്ന് ഞാൻ എല്ലായ്പ്പോഴും ഓർക്കാറുണ്ട്. നേഴ്സ് എന്ന ജോലിയുടെ പ്രാഥമിക കടമ എന്ന് ഞാൻ വിശ്വസിക്കുന്നത്, ഏതു രോഗിയുമായും നന്നായി ഇടപഴകി ആ രോഗിയെ മനസിലാക്കി രോഗം സ്നേഹപൂർവം മാറ്റുക എന്നതാണ്. ഈ കോവിഡ് കാലത്ത് ഞങ്ങൾക്ക് അതിന് സാധിക്കുന്നില്ല. വരുന്ന രോഗിക്ക് കൊറോണ വൈറസ് ഉണ്ടോ എന്ന് പേടിച്ചിട്ടല്ല പകരം ഞങ്ങൾക്ക് ഈ രോഗം ഉണ്ടെങ്കിൽ അത് മറ്റൊരാൾക്കും പകരരുത് എന്ന് കരുതിയുള്ള ഒരു മുൻകരുതൽ. ഇതു കൊണ്ട് മാനസികമായി, നേഴ്സ് ആകാൻ പഠിച്ചിരുന്ന കാലത്ത് ഞാൻ പഠിച്ച നഴ്സിന്റെ അടിസ്ഥാന കർത്തവ്യം എനിക്ക് നിർവ്വഹിക്കാൻ പലപ്പോഴും സാധിക്കുന്നില്ല. സാനിറ്റൈസർ എന്ന വാക്കിന്റെ മലയാള നാമം ഇന്നും മലയാളികൾ കണ്ടുപിടിച്ചിട്ടില്ല, അതിന് സംസ്കൃത നാമം കൊടുത്ത് പരിഹസിക്കുകയും നാം ഏവരും ചെയ്തു. എന്നാൽ കേരളത്തിൽ കോവിഡ് 19 എന്ന് മഹാ മാരിയെ ചെറുത്തുനിൽക്കാൻ നമുക്ക് സാധിച്ചത് ഈ ദ്രവ്യത്തിന്റെ ഒറ്റ സഹായത്തിലായിരുന്നു. ആശുപത്രിയിൽ ഇതിന്റെ നിർബന്ധമായുള്ള ഉപയോഗം ഞങ്ങൾ ഉറപ്പു വരുത്തിയിരുന്നു. ഈ മുൻകരുതലുകൾ കൊണ്ട് മാത്രമാണ് ഒരു സമയത്ത് ആശുപത്രി ജീവനക്കാരിൽ പടർന്ന രോഗം പിന്നീട് കീഴടങ്ങിയത്. സാനിറ്റൈസർ ഉപയോഗത്തിന്റെ കാരണം കൊണ്ട് എന്റെ കൈ ആകെ തൊലിപോയ അവസ്ഥയിലായി, എന്റെ മാത്രമല്ല ഇത് വായിക്കുന്ന മിക്കവർക്കും ഈ പ്രശ്നമുണ്ടാവും.വീട്ടിലും, നാട്ടിലും, സ്വയം ഞാൻ ക്വാറന്റെൻ ഇരിക്കുക ഏറെ നാളായി പതിവാണ്. സ്വയം ക്വാറന്റെൻ ഇരിക്കുക എന്നത് ഒരു മുൻകരുതൽ മാത്രം. വീട്ടിലേക്കുള്ള പച്ചക്കറികളും, സാധനങ്ങളും ഞാൻ തന്നെ വാങ്ങി കൊണ്ടു വരും, ഇത് വഴി മറ്റൊരാൾക്കും പുറത്തുപോകേണ്ട ആവശ്യം ഇല്ല. എന്റെ വീട്ടിൽ വയസായ അച്ഛനും അമ്മയും ഉള്ളത് കൊണ്ടും,വയസായ ആളുകൾക്ക് പെട്ടെന്ന് രോഗം പിടിപെടും എന്നുള്ളത് കൊണ്ടും ഞാൻ അച്ഛനോടും അമ്മയോടും അധികം സംസാരിക്കാറില്ല.മകൻ 10ാം ക്ലാസ്സിൽ ആയതു കൊണ്ട് അവനോടും സംസാരം കുറവാണ്.കോവിഡ് കാലം എനിക്ക് തന്ന ഏറ്റവും വലിയ ഭാഗ്യമായി ഞാൻ കരുതുന്നത് മൊബൈൽ ഫോണിന്റെ ഉപയോഗം കുറച്ചു എന്നുള്ളതാണ്. കാരണം ജോലി ചെയ്യുമ്പോൾ ഫോൺ വന്നാൽ ഞാൻ അത് എടുക്കും. പിന്നെ വീട്ടിൽ വന്ന് അത് വീണ്ടും എടുത്ത് കളിച്ചാൽ ആ ഫോണിൽ എന്തെങ്കിലും വൈറസ് ഉണ്ടെങ്കിൽ അത് പിന്നെ വീട്ടിൽ മുഴുവൻ പരക്കും, അതിനാൽ ഫോൺ ഉപയോഗം വളരെ കുറവായി. പി.പി.ഇ. കിറ്റ് ധരിച്ചു 6 മുതൽ 8 മണിക്കൂർ വരെ എല്ലാ ആശുപത്രി പ്രവർത്തകരും നിൽക്കാറുണ്ട്. പി.പി.ഇ. കിറ്റ് ഒരിക്കയൽ ധരിച്ചാൽ പിന്നെ ജോലി കഴിഞ്ഞു വീട്ടിലേക്കു പോകുമ്പോഴേ അത് അഴിക്കാവൂ. അത് ഒരിക്കൽ അഴിച്ചാൽ പിന്നെ ഇടാനും കഴിയില്ല. ഒരാൾക്കു ഒരു ദിവസം ഒരു പി.പി.ഇ. കിറ്റ് മാത്രമാണ് ഉണ്ടാവുക. ഇതിനാൽ ജോലി കഴിയുന്നത് വരെ പ്രാഥമിക കർമങ്ങൾ പോലും ചെയ്യാൻ നമുക്ക് കഴിയില്ല. ഇത് 68 മണിക്കൂർ കുഴപ്പമില്ല, എന്നാൽ നൈറ്റ് ഡ്യൂട്ടി 18 മണിക്കൂർ ആണ്, അത്രയും നേരം ഇങ്ങനെ സഹിച്ചു നിൽക്കുവാനും ഞാൻ പഠിച്ചു.പുറത്തു നിന്ന് വാങ്ങിയ ഏതു സാധനവും സാനിറ്റൈസർ ഉപയോഗിച്ച ശേഷം മാത്രമേ ഞാൻ ഉപയോഗിയാറുള്ളൂ.

ആയതിനാൽ ഇന്നും ഞാൻ കോവിഡ് 19 പോസിറ്റീവ് ആയിട്ടില്ല. സന്തോഷകരമായി കോവിഡ് 19 കുത്തിവെപ്പും ഞാൻ എടുത്തു.

ഇത്രയും കാലം ലോകത്തെ മുഴുവൻ പിടിച്ചു കുലുക്കിയ ഈ മഹാമാരിയെ തടഞ്ഞു നിർത്താൻ ഞാൻ വഹിച്ച പങ്കിൽ എനിയ്ക്ക് അഭിമാനം തോന്നുന്നു. ഈ മാരിയെ തടുക്കാൻ എന്റെ കൂടെ ഉണ്ടായിരുന്ന എല്ലാ പ്രവർത്തകർക്കും എന്റെ സല്യൂട്ട്. നിങ്ങളാണ് യഥാർത്ഥ ഹീറോസ്. ഇങ്ങനെ എന്നെ അടിമുടി ഈ കോവിഡ് കാലം മാറ്റിമറിച്ചു...



Vimina R

# കോവിഡ് 19 എന്ന മഹാമാരി

കോവിഡ് 19 എന്ന മഹാമാരി ലോകമെമ്പാടും പടരുന്നു എന്നറിഞ്ഞ നിമിഷം ഞാൻ അപകടം തിരിച്ചറിഞ്ഞു.ഒരു കടയുടമ, എന്ന നിലയിൽ മുൻപും പല പ്രതിസന്ധികളിലൂടെയും കടന്നുപോയെങ്കിലും ഒരിക്കലും ഉണ്ടാവാത്ത അതിതീവ്രതയിലായിരുന്നു കോവിഡ് കാലത്തെ ദുരിതങ്ങൾ. ഇത്രയും കഠിനമായ സാഹചര്യങ്ങൾ എന്നെ കാത്തിരിക്കുന്നു എന്ന് മാർച്ചിൽ കോവിഡ് 19 വളരെ വലിയ ഒരു അലർട്ട് ആയി കേരളത്തിൽ പ്രഖ്യാപിച്ചപ്പോൾ ഞാനറിഞ്ഞില്ല. ഒരുപാട് ചോദ്യങ്ങൾ മനസ്സിലൂടെ കടന്നുപോയെങ്കിലും ഉത്തരങ്ങൾക്ക് വേണ്ടി ഞാൻ പരതുകയായിരുന്നു. ലോക് ഡൗൺ പ്രഖ്യാപിച്ച നാൾമുതൽ മനസ്സിലെ ആധി കാരണം ഉറങ്ങാൻ പോലും സാധിച്ചിരുന്നില്ല. കടയിലുള്ള സാധനങ്ങൾ മാസങ്ങളോളം കെട്ടിക്കിടക്കുന്നതോടെ പഴക്കം കാരണം നഷ്ടങ്ങൾ സംഭവിക്കുമോ എന്ന ഭയം ഉണ്ടായിരുന്നു. എങ്കിലും വീട്ടിൽ നിന്ന് ഒരു കിലോമീറ്റർ മാത്രം ദൂരമുള്ള കടയിൽ ഇടയ്ക്കെങ്കിലും, എത്തി വൃത്തിയാക്കാൻ സാധിക്കുമായിരുന്നു. ഞാൻ ഓർക്കുകയായിരുന്നു വലിയ കട ഉള്ളവർക്ക് ഈ സാഹചര്യങ്ങൾ എങ്ങനെ തരണം ചെയ്യാൻ കഴിയുമെന്ന്, എത്ര നഷ്ടം അവർ സഹിച്ചു കാണും? പിന്നീടുള്ള ദിവസങ്ങളിൽ പഠനത്തിന്റേ തായിരുന്നു. ഈ സാഹചര്യം എങ്ങനെ തരണം ചെയ്യാം എന്ന ചിന്തയിൽ, ഓൺലൈൻ വിൽപന എന്ന ആശയം മനസ്സിൽ ഉദിച്ചു. സുഹൃത്തുക്കളെയും പരിചയക്കാരെയും എല്ലാം ഉൾപ്പെടുത്തി ഒരു വാട്സ്അപ്പ് ഗ്രൂപ്പ് തുടങ്ങി ഓൺലൈൻ വിൽപ്പന ആരംഭിച്ചു. അതെനിക്കൊരു രക്ഷയായി. ഈ കഠിന സമയത്തെ അതിജീവിക്കാൻ ഒരു പരിധിവരെ അതെന്നെ സഹായിച്ചു. പക്ഷേ അപ്പോഴും സ്റ്റോക്ക് കിട്ടാത്ത ബുദ്ധിമുട്ടുകൾ കൊറിയർ, പാർസൽ സംവിധാനങ്ങളുടെ കാലതാമസം എന്നിവ ഒരു ഗുരുതര പ്രശ്നം തന്നെയായിരുന്നു. ഈ സമയങ്ങളിൽ ജീവിതം മുന്നോട്ടുകൊണ്ടുപോകുന്നതിന് ഗവൺമെൻറ് തന്ന ആശ്വാസ പാക്കേജുകൾ ഉപകാരപ്രദമായി. ഇപ്പോൾ സാഹചര്യങ്ങൾ വീണ്ടും മെച്ചപ്പെട്ടുവരുന്നു. കോവിഡ് മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട്, സേഫ്റ്റി മെഷേഴ്സ് നോക്കി കൊണ്ട് ഞാൻ വീണ്ടും എണീറ്റു നിൽക്കാൻ ശ്രമിക്കുകയാണ്. ഇന്ന് കടയിൽ ആളുകളെത്തുന്നു ഓൺലൈൻ വിൽപനയും നടക്കുന്നു. പ്രതീക്ഷയോടെ കാത്തിരിക്കുന്നു ഇനിയും നല്ലൊരു നാളെക്കായി...



Jayashree K P

# ഓർമ്മയിലെ കൊറോണക്കാലം

ഒരു ദന്തഡോക്ടർ ആയി രണ്ടായിരത്തിൽ പ്രാക്ടീസ് ആരംഭിച്ച വ്യക്തിയാണ് ഞാൻ. ചൈനയിലെ വുഹാനിൽ നിന്നും 2019 ൽ പൊട്ടിപ്പുറപ്പെട്ട് ലോകം കീഴടക്കിയ വൈറസ് ഈ കൊച്ചു കേരളത്തിൽ എത്തുന്നതുവരെ ഒരു അറവുമാടിനെ പോലെ പണിയെടുക്കും. രാവിലെ 9 മണിക്ക് തുടങ്ങിയ ജോലി രാത്രി 10 12 മണി വരെ തുടരും, ഒരു റെസ്റ്റ് പോലുമില്ല അതുവരെയുള്ള എന്റെ വലിയ ഒരു ആഗ്രഹം എന്താണെന്ന് അറിയോ ? ഈ 24 മണിക്കൂറിൽ ഒരു രണ്ടുമണിക്കൂർ എനിക്ക് സ്വന്തമായി വേണം, എന്റെ കാര്യങ്ങൾ ചെയ്യാൻ. ഒരു ഹർത്താൽ വന്നാൽ അത് ഞങ്ങളൊരു പെരുന്നാളായി ആഘോഷിക്കുമായിരുന്നു. ബിരിയാണി ഒക്കെയായി.... കൊറോണ വൈറസ് പടർന്നു പിടിക്കുന്നത് ആണങ്കിലോ വായുവിലൂടെയും ബോഡി ഫ്ളൂയിഡ് ലൂടെയും; ഞങ്ങൾ ഡോക്ടർമാർ ആണെങ്കിലോ, പണിയെടുക്കുന്നത് ഏറ്റവും കൂടുതൽ പേഷ്യന്റ്സിന്റെ വായിലും. കൊറോണ പകരാൻ ഏറ്റവും കൂടുതൽ ചാൻസ് ദന്തിസ്റ്റ്കൾക്കും അനസ്തെറ്റിസ്റ്റ്കൾക്കും ആണത്രെ. എന്റെ ഭർത്താവ് ഒരു അനസ്തെറ്റിസ്റ്റും. ഞങ്ങളുടെ കാര്യം കട്ട സീൻ ആയി.

സമ്പൂർണ്ണ ലോക്ക് ഡൗൺ ക്ലിനിക് അടച്ചു. വീട്ടിൽ കുത്തിയിരിപ്പായി. ടൗണിൽ തന്നെയാണ് വീട്, രാത്രി ഞാൻ പുറത്തിറങ്ങി എന്താണ് അവസ്ഥ എന്നറിയാൻ. സദാസമയവും വാഹനങ്ങളിൽ ഇരച്ചു പായുന്ന ശബ്ദമുഖരിതമായ എന്റെ റോഡ് കണ്ടു ഞെട്ടി. ഏതോ യുദ്ധം കഴിഞ്ഞതുപോലെ.... ശ്മശാന മൂകത.... പേടിച്ചുപോയി. പക്ഷേ ഡോക്ടർമാർക്ക്, ഒരു പ്രശ്നം ഉണ്ടായാൽ ഒന്നും കണ്ടില്ല കേട്ടില്ല എന്ന് നടിച്ചു ഇരിക്കാൻ പറ്റില്ല രോഗികൾ വിളിച്ച്.... വേദന സഹിക്കുന്നില്ല എന്തെങ്കിലും ചെയ്തു തരണം.... എന്ന് പറഞ്ഞാൽ പിന്നെ വെറുതെ ഇരിക്കാൻ പറ്റില്ല. വാട്സാപ്പിലൂടെ മരുന്നൊക്കെ കുറേ പറഞ്ഞുകൊടുക്കും. എല്ലാറ്റിനും ഒരു പരിധിയില്ലേ? അവസാനം ക്ലിനിക് തുടർന്നു. പി.പി.ഇ. കിറ്റ് എന്ന അന്യഗ്രഹ വസ്ത്രമണിഞ്ഞ് ഷീൽഡ് ഒക്കെ ഇട്ട് ഞാൻ വീണ്ടും രംഗത്തെത്തി. ജോലി തുടങ്ങി. കുറച്ചുദിവസം കഴിഞ്ഞപ്പോൾ, ദേ വരുന്നു പനി ടെസ്റ്റ് ചെയ്തു കോവിഡ് പോസിറ്റീവ് 8 ദിവസം ഹോസ്പിറ്റലിൽ, രണ്ടാഴ്ച റെസ്റ്റ്. ദൈവമേ വീണ്ടും ഏകാന്തവാസം ഒരു ഗസ്റ്റ് പോലും കാണാൻ വരുന്നില്ല. വല്ലാത്ത ഒരു അസുഖം തന്നെ. പക്ഷേ എൻെറ ഹസ്ബന്റും, മോളും വൈകുന്നേരം ഭക്ഷണവുമായി വരും. എന്റെമോളെ പിരിഞ്ഞു ഇരുന്നിട്ടില്ല ഞാൻ. ഹോസ്പിറ്റലിൽ നിന്ന് ഡിസ്ചാർജ് ആയി വന്നിട്ട് എൻെറ മോളെ ഒന്നു തൊടാൻ പോലും കഴിയാത്ത അവസ്ഥ. വിങ്ങിക്കരഞ്ഞു ഞാൻ. മതിലിനരിലേക്ക് രണ്ടു കസേരകൾ ഇട്ടു കൊടുത്തു ഞാൻ വരാന്തയിൽ ഇരിക്കും. സംസാരിക്കും. അവർ പോകും. ഒരു ഗ്ലാസ് വെള്ളം പോലും അവർക്ക് കൊടുക്കാൻ പറ്റില്ല. പടർന്നാലോ? വല്ലപ്പോഴും ഫുഡ് പാർസൽ വാങ്ങിയാൽ കാരിയർബോയ് ഗേറ്റിൽ വെച്ച് ഓടും. ക്യാഷ് വേണോ എന്ന് ചോദിച്ചാൽ വേണ്ടായേ.... പിന്നെ മേടിച്ചോളാം എന്ന് പറഞ്ഞു അവനോടും. 8 ദിവസം കഴിഞ്ഞ് ടെസ്റ്റ് ചെയ്ത് നെഗറ്റീവായി. ശരീരത്തിൽ നിന്നും ആരോ ഇറങ്ങിപ്പോയ പോലെ. അതുവരെ കൂടെയുണ്ടായിരുന്ന ഒരാൾ വിട്ടു പോയ പോലെ. പിന്നീട് 14 ദിവസം കൂടി വീട്ടിൽ ഇരുന്നു അതിനുശേഷം വീണ്ടും എന്റെ തട്ടകത്തിലേക്ക്.... എന്റെ ലോകം.... എന്റെ പേഷ്യൻസ് ..

റെസ്റ്റിനു വേണ്ടി ആഗ്രഹിച്ച എനിക്ക് ദൈവം തന്ന റെസ്റ്റ് ആവോളം ആസ്വദിച്ചു....

ഒരു കാര്യം ശരിയാണ് ആരോഗ്യവകുപ്പ് തരുന്ന മുന്നറിയിപ്പ് നാം സീരിയസ്സായി തന്നെ എടുക്കണം. വാക്സിൻ എടുക്കണം, മാസ്ക് ധരിക്കണം, സോഷ്യൽ ഡിസ്റ്റൻസ് വേണം. എന്നും നല്ലത് മാത്രം വരട്ടെ....



Dr. U A Bushra Musthafa

# सकारात्मक जिन्दगी

एक मेढ़क था और उसको एक पेड़ पर चढ़ने का इच्छा था। एक दिन वह एक बड़ा सा पेड़ देखा और उसमें चढ़ने लगा । उसके सारे दोस्त कहने लगे,

“यह असंभव है ! यह असंभव है!

नीचे आओ, नही तो तुम गिर जाओगे।”

पर वह धीरे – धीरे चढ़कर पेड़ के ऊपर पहूँच गया।

उसने यह कैसे किया ?

वह मेढक बहरा था। इसलिए वह अपने दोस्तों के बातें सुन नही पाया। वह सोच रहा था कि सब उसे ऊपर चढ़ने केलिए प्रोत्साहित कर रहे है। वह सारे लोगों के नकारात्मक बातें नहीं सुना और इसलिए ही अपने लक्ष्य तक पहूँच पाया।

हमको भी हमारे जिन्दगी में नकारात्मक बातें छोड़कर सिर्फ सकारात्मक बातें लेकर जीना चाहिए।



Karthika Shajith
3 C

# जिन्दगी : एक सफर

हमेक्षा हँसने का कोई वजह ढूँढो,
खुक्षा रहना सीखो,
जरा मुस्कुरा के देखो,
जिन्दगी हँसते नजर आएगी।

जिन्दगी में कभी किसी बुरे दिन से,
रूबरू हो जाओ तो,
इतना होसला जरूर रखना की,
दिन बुरा है, जिन्दगी नहीं।

कभी हिम्मत मत हारो,
क्योंकि पहाड़ से निकली नदी,
किसी से रास्ता नही पूछती,
कि समुद्र कहाँ है ?

जितना लोगों की सुनोगे,
उतना मन खराब करोगे,
इसलिए सिर्फ खुद की सुनो,
तभी जिन्दगी में बढोगे।



Fathima Fiza
+2 A

# क्रिसमस

क्रिसमस ईसायियों का त्योहार है जिसे पूरे विष्व में २५ दिसंबर को बहुत धूम - धाम से मनाते है। सान्ता रात के समय सारे घरों में जाकर सबको उपहार बाँटते है। बच्चे बड़ी बेसब्री से सान्ता और इस दिन का इंतजार करते है।

हम क्रिसमस ईसा के जनदिन के दिन मनाते है। क्रिसमस वृक्षों का उपयोग पहल रोम और मिस्र के लोग करते थे । क्या आपको पता है कि सान्ता पहले लाल रंग के कपड़े नहीं पहनते थे । फिर उनके कपड़े लाल रंग का कैसे हो गया ? पहले सान्ता नीले या हरे रंग के कपड़े पहनते थे। पर कोको कोला का कंपनी आया तो तय किया गया कि सान्ता के वस्त्र का रंग उनके ब्रांड के जैसा ही होंगे । क्या आपको पता है कि, पहले क्रिसमस बेर केक में बेर ही नहीं थे । पहले तो किषमिष को भी बेर ही बुलाते थे। इस तरह किषमिष से बनानेवाले केक, बेर केक बुलाया गया । जर्मनी, पोलैड और यूक्रेन के लोग मानते है कि इस दिन में एक मकड़ी या मकड़ी के जाल देखनेवाले बहुत सौभाग्यषाली होते है।

इस बड़े से त्योहार पर बहुत सारे लोग घरों को सजाते है, उपहार बाँटते है, ग्रीटिंग कार्ड बनाते है और क्रिसमस करोल भी होते है । यह एक बहुत मजेदार त्योहार है और अपने परिवार के साथ मनाने में और भी मजा आता है।



Parvathy Shajith
8 B



# ऑनलाईन शिक्षा
## पर मेरे विचार

शिक्षा लोगों के जीवन का महत्वपूर्ण हिस्सा है। शिक्षाकाल हरेक की जिंदगी की सुवर्णकाल माना जाता है। स्कूल जाना, अध्यापक और मित्रों से मिलना, खेल – कूद करना आदि मनमोहक बातें आजकल नष्ट होती जा रही है। कोविड 19 नामक बीमारी से हम लोग बंद कमरें में बैठने को मजबूर हो गए हैं। हर साल की तरह इस जून महीने में स्कूल नही खुला। बारिश में छतरी लेकर चलने की खुशी भी नहीं मिली। फिर भी हमारे अध्यापको ने हमें पढ़ाने का अच्छा तरीका ढूँढ निकाला। इन दिनों में ऑनलाईन अध्ययन का प्रचलन हुआ है। सिर्फ हमारेस्कूल ही नहीं कई स्कूल पिछले कुछ महीनों से ऑनलाइन अध्ययन की प्रक्रिया को अपनाकर हमारे नुकसानों को दूर कराने की कोशिश करते रहते हैं।

ऑनलाइन के माध्यम से अध्ययन करने से कई फायदा है। यह बहुत सुविधाजनक है कि अपने घर पर ही रहकर पढ़ सकते हैं और संदेहों को दूर कर सकते हैं।अपने समय के





अनुसार पढ़ भी सकते हैं।अभिभावकों को इसपर जानकारी मिलती है कि कौन सा विषय कहाँ तक पढाया गया है, किस– किस अनुबद्धकार्य करना है आदि।

ऑनलाइन अध्ययन की प्रक्रिया में कुछ नुकसान की संभावनाएँ भी है।कक्षाई प्रक्रियाओं में छात्र कितनी तत्परता से भाग लेते हैं, वह तत्परता यहाँ कम होती जाती है।एक जीवंत कक्षा में जो आनन्द का माहौल होता है यहाँ इसकी कमी रहतीं है। मोबाइल जैसे गेजेट अध्ययन तक सीमित नहीं रहतें, वह छात्रों को अनजाने में अन्य अवांछित विषयों तक भी ले जाते हैं। साथ ही इनके अधिक उपयोग से सिरदर्द, आँखों की हानी आदि स्वास्थ्यपरक समस्याएँ भी पैदा होती हैं।

जो भी हो इस विशेष परिस्थिति में इस तरह की अध्ययन प्रक्रिया बहुत फायदेमंद है।जब तक घर से बाहर जाना हमारे लिए खतरनाक हो तब तक घर पर ही स्वस्थ रहकर. शिक्षा के लिए एक सुरक्षित विकल्प है।



Anaghajith
7 A

# Merit Holders
# Standard X (Full A1)


Alviya Maria John


Asna Fathima KM


Aswathi Sudheer


Lena Musthafa


Mohammed Shanu


Niya James


Ridha KP


Theertha P Ajay



# Subject Toppers
# Standard XII



A. Anjali
(English, Physics &
Mathematics)



Amal Johnson
(Businees Studies, Economics,
Accountancy & IP)



Lenita Joshy
(Malayalam)



Meera Prasad
(Physics, Chemistry &
Biology)



Sanith Santhosh
(Malayalam)



Sneha Raj
(Computer Science)

# Talent Wall



Diya Hameed K (5 D)



KP Thushar (2 A)



Liya Fathima B (4 B)



Clara Rose Manjo (6 B)



Gowri Gogul Das (4 C)



Keerthana Manoj (8 C)



TP Sreya Manoj (7 A)



Athmika (5 D)



Sana Rahmath C (10 C)



Alan Raj (5 D)



Hestia Mujeeb (9 A)



Fhilix (10 C)



Shazin P (1 A)



Hana Fathima (5A)





Sreelaya Madathil (+1 A)



Richard (10 C)



Amritha R Nair (10 B)



Meha C (+2 A)



Fahya Shameer (5B)



Bharath M (5 B)



Adidev S Nair (5 D)



Augustus Dennis (1 A)



Muhamed Renin C (3 B)



Amal Suresh (10 C)



Vishnu Govind (6 C)



Deva Priya (3 B)



Aloknath P



Devanand PS (6B)



Bharath M (5 B)



Johan Joe Dennis (5 C)



Emil Abraham (5 B)





Sreesanth T (8 A)



Alan Raj (5 D)

# Thank you...

We are in a time of a lot of uncertainties and challenges. Even though in this catastrophe, discovering the world from behind the window, St. Joseph Family was on the mission to turn the difficult stories into good ones. "Hope is being able to see that there is light despite all of the darkness" truly these rays of hope were our inspiration all along our journey which helped us to achieve this. A special word of gratitude towards Rev Fr. Mathew Patheeplakkil for his overwhelming support and encouragement and we extend our gratitude towards Rev Fr. Nelse Eyyalilfor his hard work behind the scenes. Far from our life on campus combining, sorting, editing was a tiresome task but the commitment and hard work of our students, teachers, and especially the editorial board helped us to bring the best out even during the crisis, which we shall vanquish soon. We also feel gratitude towards Mr. Ibrahim KK beautifully portraying our thoughts and ideas...

BACK COVER INNER
P.T.O

# അന്താരാഷ്ട്ര നിലവാരമുള്ള എം. ബി. എ പഠനം പുത്തനങ്ങാടിയിൽ



## FACILITIES

- A/C CLASS ROOMS
- SPACIOUS LECTURE HALLS
- LIBRARY
- COMPUTER LAB
- CONFERENCE HALL
- LANGUAGE LAB
- INDUSTRIAL VISIT (NATIONAL AND INTERNATIONAL)
- WIFI FACILITY
- OUTDOOR SPORTS FACILITY
- HOSTEL FACILITY
- CANTEEN FACILITY
- PLACEMENT CELL

# MBA

FINANCE | MARKETING
HUMAN RESOURCE
TOURISM | SYSTEM
INTERNATIONAL BUSINESS

**Eligibility: Any Degree (Above 50% Marks) +CAT / CMAT / KMAT (Kerala)**

CFIC

MIIMS

## MONTI INTERNATIONAL
INSTITUTE OF MANAGEMENT STUDIES
Approved by AICTE, New Delhi; Affliated to University of Calicut

P.O. PUTHANANGADI, Angadippuram (Via), Malappuram Dt.
Ph: 04933 258 556, 258 656, 9061 258 555, 8606 258 555
Email: montiinstitute@gmail.com | www.montiinstitute.com